# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മാർച്ച് 14 | ദീപം 57 | നാളം 2 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## ജനാധിപത്യത്തിന്റെ മാനം കെടുത്തുന്നവർ




കൊഴുവനാൽ ജോസ്


ജനങ്ങൾ ജനങ്ങളെ ജനങ്ങൾക്കു വേണ്ടി ഭരിക്കുന്ന അവസ്ഥയാണല്ലോ 'ഡെമോസ്' (ജനം) 'ക്രാസിയ' (ഭരണം) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽനിന്നു രൂപംകൊണ്ട ഡെമോക്രസി എന്ന ജനാധിപത്യം. ആശയപരമായും പ്രായോഗികതലത്തിലും ഏറ്റവും ആകർഷകമായ ഭരണക്രമം. പക്ഷേ, അത് അടിമുടി പാളിപ്പോയിരിക്കുന്നു. എല്ലാ തലങ്ങളിലും കുറ്റമറ്റ ജനാധിപത്യം ലോകത്തൊരിടത്തും നാളിതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകാനും പോകുന്നില്ല. നൂറിൽ 51 പേരുടെ പിന്തുണ കിട്ടിയാൽ അവർ കാര്യക്കാരും നടത്തിപ്പുകാരുമാകുന്നു. ബാക്കി 49 പേർക്ക് മിണ്ടാൻ അവകാശമോ മിണ്ടിയതുകൊണ്ടു പ്രയോജനമോ ഇല്ല. ഇക്കൂട്ടർക്കു ജനാധിപത്യമെന്നതു ബാലികേറാമലയും അതിന്റെ ആനുകൂല്യങ്ങൾ കിട്ടാക്കനികളുമാകുന്നു. അതേസമയം, ഭൂരിപക്ഷത്തിനു ജനാധിപത്യമെന്ന പേരിൽ എന്തു തോന്ന്യാസവും കാണിക്കാനുള്ള അധികാരമാണ് കരഗതമാകുന്നത്. ബലവത്തായ ഈ ദുർവിനിയോഗം കണ്ടും കേട്ടും മനമിടറുമ്പോൾ ഉള്ളിലെ വേദന സഹിക്കവയ്യാതെ പലരും പ്രതികരിക്കുന്നു. അവരിൽ മിക്കവരും ദുരൂഹസാഹചര്യങ്ങളിൽ അപ്രത്യക്ഷരാകുകയോ നിശ്ശബ്ദരാക്കപ്പെടുകയോ ചെയ്യുന്നു. പോയനാളുകളിൽ നിളയുടെ കഥാകാരനും മയ്യഴിയുടെ ഭാവഗായകനുമൊക്കെ, പൂജ്യമെന്നു കരുതിപ്പോന്ന ആദർശങ്ങൾ ജനാധിപത്യത്തിന്റെ കപടവേഷം കെട്ടിയ കാവലാളന്മാർ നിർദയം ചവിട്ടിമെതിക്കുന്നതു കണ്ടപ്പോളുണ്ടായ മനസ്സിന്റെ നീറ്റലിൽനിന്ന് ഊറിക്കൂടിയ വാക്കുകൾ കേട്ടപ്പോൾ പലർക്കും ഉള്ളുപൊള്ളി. അതിന്റെ ചൂടാറുംമുമ്പേ ആ പ്രതികരണം തങ്ങളെപ്പറ്റിയല്ലെന്നു പൊതുവേദികളിൽ കയറിനിന്നു നാണമില്ലാതെ കലിതുള്ളിയവരുണ്ട്. എത്ര തുള്ളിയാലും സത്യം സത്യമല്ലാതാവില്ലല്ലോ.

ജനാധിപത്യത്തിന്റെയും പൊതുജനസേവനത്തിന്റെയും പേരുപറഞ്ഞ് അധികാരം കൈയാളിയിട്ടുള്ള സകല ശക്തികളും വ്യക്തികളും ക്രമേണ വാഗ്ദാനങ്ങളൊക്കെ വലിച്ചെറിഞ്ഞ് തോന്നിയ വഴിക്കു മുന്നേറിയ ചരിത്രമേ നാളിതുവരെ ഉണ്ടായിട്ടുള്ളൂ. ഇന്നും നാമതു കാണുന്നു, കേൾക്കുന്നു, അനുഭവിക്കുന്നു. നാടിന്റെ മുക്കിലും മൂലയിലും ആവശ്യമായിരിക്കുന്ന നിർമാണങ്ങളും വികസനങ്ങളും പാടേ പരിത്യജിച്ചു തനിക്കുതന്നെയും സ്വന്തക്കാർക്കും അണികൾക്കും നിയമങ്ങളും ചട്ടങ്ങളും മറികടന്നു വേണ്ടതൊക്കെ ഏർപ്പാടാക്കുന്ന ദുഷിച്ച സംവിധാനമായി ജനാധിപത്യം അധഃപതിച്ചിട്ടു നാളേറെയായി. ഇല്ലാത്ത തെളിവുകളും സാക്ഷിമൊഴികളുമുണ്ടാക്കി കൊലക്കുറ്റം ചെയ്ത പ്രതിയെ വെറുതെ വിടുവിക്കുന്നത് എന്തു ജനാധിപത്യമാണ്? വാളയാറും വണ്ടിപ്പെരിയാറും വിളിച്ചുപറയുന്ന പച്ചയായ സത്യമല്ലേ അത്? ബിൽക്കിസ് ബാനുക്കേസും ചണ്ഡിഗഢിലെ മേയർ തിരഞ്ഞെടുപ്പുമൊക്കെ ഇവിടെ നിലനില്ക്കുന്ന ഭരണസംവിധാനത്തിന്റെ ഗതി എങ്ങോട്ടാണെന്നല്ലേ ചൂണ്ടിക്കാണിക്കുന്നത്? ഭരണഘടന ഉറപ്പുതരുന്ന മതേതരത്വം അഭംഗുരം തുടരേണ്ട നാട്ടിൽ പള്ളിയുടെ മുകളിൽ കാവിക്കൊടി കെട്ടാനും പരിപാവനമായ അൾത്താരയ്ക്കു മുമ്പിൽനിന്നു ജയ്ശ്രീറാം വിളിക്കാനും എതിർചേരികൾക്കു പ്രചോദനമാകുന്നത് രോഗാതുരയായി തളർന്നുകിടക്കുന്ന ജനാധിപത്യത്തിന്റെ കഴിവുകേട് ഒന്നുകൊണ്ടുമാത്രമാണ്. ദശവത്സരങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാതെ കിടക്കുന്ന കെട്ടിടങ്ങളും റോഡുകളും പാലങ്ങളും മറ്റു പദ്ധതികളും പതിനായിരക്കണക്കുണ്ട് നാട്ടിലുടനീളം...?


▶8


## കരുണവറ്റിയ കലാലയങ്ങൾ
## സാക്ഷരകേരളമേ ലജ്ജിക്കൂ!




അനിൽ ജെ. തയ്യിൽ


നമ്മൾ ഒരോട്ടമത്സരത്തിൽ പങ്കെടുത്തു വിജയിയാകുമ്പോൾ ഒപ്പമോടി തോറ്റവരെ മറക്കാതെ ചേർത്തുപിടിക്കുന്നതിന്റെ പേരാണ് ജനാധിപത്യം എന്നു ഗാന്ധിജി പറഞ്ഞത് ഒരു കുട്ടിയുടെ ചോദ്യത്തിന് ഉത്തരമായാണ്. അശരണരെയും ദുർബലരെയും ചേർത്തുപിടിക്കുന്നതാണ് ജനാധിപത്യം എന്ന അടിസ്ഥാനപാഠം അമ്പേ പരാജയപ്പെടുകയും പത്തൊൻപതാം നൂറ്റാണ്ടിൽ രൂപപ്പെട്ട ഒരാശയസംഹിത അത്രതന്നെ അപരിഷ്കൃതവും അവികസിതവുമാണെന്നു ലോകത്തിനുമുമ്പിൽ തെളിയിക്കുകയും ചെയ്ത കിരാതത്വമാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ വയനാട്ടിലെ പൂക്കോടു വെറ്ററിനറി കോളജിൽ സിദ്ധാർഥനെന്ന വിദ്യാർഥി നേരിട്ട കൊടിയ അനുഭവങ്ങളും അതു മരണത്തിലൊടുങ്ങിയതും നമ്മെ കാണിക്കുന്നത്.

അശരണർക്കൊപ്പം നിൽക്കുന്നുവെന്നു ലോകത്തോടു വിളിച്ചുപറയുകയും ഏകാധിപത്യത്തിന്റെയും അടിച്ചമർത്തലിന്റെയും എതിർശബ്ദങ്ങളെ കൊടുവാൾത്തലപ്പുകളിൽ നിശ്ശബ്ദരാക്കുകയും ചെയ്യുന്ന ഒരു പ്രത്യയശാസ്ത്രത്തിന്റെ നവമുകുളങ്ങളാണ് ഒരിരുപതുകാരനെ ബെൽറ്റിനടിച്ചും, വാരിയെല്ലു ചവിട്ടിയൊടിച്ചും നഗ്നനാക്കി മർദിക്കുകയും കൊലപ്പെടുത്തുകയും ചെയ്തത്... മൂന്നുദിവസം ജലപാനം നൽകാതെ പട്ടിണിമരണം വിധിച്ചത്... ഹോസ്റ്റലിൽ ഉറങ്ങിയിരുന്ന വിദ്യാർഥികളെ ഉണർത്തിക്കൊണ്ടുവന്നു നിർബന്ധിച്ച് അവനെ തല്ലിച്ചതപ്പിച്ചത്... ഭീഷണിഭയന്ന് തല്ലിയതിന്റെ മനോവ്യഥയിൽ വിദ്യാർഥികൾ പലരും കരഞ്ഞുകൊണ്ടാണു മടങ്ങിയത്.

കേരളത്തിൽ അധികാരദുർവിനിയോഗവും ഭരണകൂടധാർഷ്ട്യവും സമ്മാനിച്ച കൊടുംവറുതിയുടെ ഈ മുടിഞ്ഞകാലത്ത് എതിർശബ്ദങ്ങളെ എങ്ങനെ കഴുത്തറുത്തു നിശ്ശബ്ദമാക്കാം എന്നതിന്റെ ബാലപാഠങ്ങൾ അതിക്രൂരമായി പാർട്ടിയുടെ വിദ്യാർഥിവിഭാഗത്തെ അഭ്യസിപ്പിക്കുകയാണോ എന്നു തോന്നിപ്പോകുന്നു.


▶12

# സ്ത്രീയെഴുത്തുലോകവും സ്ത്രീവിരുദ്ധതയും



തനൂജ ഭട്ടതിരി

ഏതു രംഗത്തായാലും സ്ത്രീവിരുദ്ധതയുടെ പുറന്തോടു മാത്രമേ പലരും കണ്ടിട്ടുള്ളൂ, ചർച്ച ചെയ്തിട്ടുള്ളൂ. സ്ത്രീകളെ പിറകിലേക്കു വലിക്കുന്നതെന്തും സ്ത്രീവിരുദ്ധതയാണെങ്കിലും ആന്റി വിമൻ ഇൻ മൈൻഡ്, ആന്റി വിമൻ ഇൻ പ്രാക്ടീസ്, ഇവ രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. തലമുറകളായി ചെയ്തുപോകുന്ന ചില കാര്യങ്ങൾ തങ്ങളുടെ അജ്ഞത കൊണ്ടു തുടരുന്നതിനെക്കാൾ സ്ത്രീവിരുദ്ധമാണ് പുതിയ കാലത്തേക്ക് അഡാപ്റ്റഡ് ആവാൻ തയ്യാറാകാത്ത മനുഷ്യരുടെ മനസ്സുകൾ.

ആയിരത്തിത്തൊള്ളായിരം ആണ്ടുകളുടെ ആരംഭത്തോടെ സംസാരിക്കുകയും എഴുതുകയും സമൂഹമധ്യേ പ്രവർത്തിക്കുകയും ചെയ്യുന്ന നിരവധി സ്ത്രീകൾ ഉണ്ടായിവന്നു. തീർച്ചയായും അതിനുമുമ്പും എഴുതാൻ കഴിവുള്ള സ്ത്രീകൾ ധാരാളമുണ്ടായിരുന്നിരിക്കണം. അവരെല്ലാം ചരിത്രത്തിൽനിന്നു മാറ്റിനിർത്തപ്പെട്ടത് അവർ സ്ത്രീകളായിരുന്നു എന്ന ഒറ്റക്കാരണത്താലാണ്.

1909 ൽ ജനിച്ച ആദ്യകാല എഴുത്തുകാരിയായ ലളിതാംബിക അന്തർജനം, സ്ത്രീയും സവർണയുമാണെന്ന ഒറ്റക്കാരണത്താൽ, സമൂഹത്തിൽനിന്നും സമുദായത്തിൽനിന്നും ഒരുപാട് എതിർപ്പുകൾ നേരിടേണ്ടിവന്നവളാണ്. തന്റെ പേര് ഒളിച്ചുവച്ചാണ് അവർ ആദ്യം എഴുതിയത്. വായനയിലൂടെയും എഴുത്തിലൂടെയും നേടിയെടുത്ത ധൈര്യവും ഊർജവുംകൊണ്ട് പിന്നീട് അവർ എല്ലാ അധികാരമേൽക്കോയ്മയെയും നേരിടാൻ പ്രാപ്തയായി.

എഴുത്തുകാരി എന്ന ഒരു പദവിയിലേക്ക് ആദ്യമായി എത്തുന്നത് ലളിതാംബിക അന്തർജനമാണെന്നു ചരിത്രം പരിശോധിച്ചാൽ നമുക്കു മനസ്സിലാവും. ലളിതാംബിക അന്തർജനത്തിനു മുമ്പും എഴുത്തുകാരികൾ ഉണ്ടെങ്കിലും അവർ അവരുടെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ കുറച്ചുനാൾ എഴുതുകയാണു ചെയ്തിട്ടുള്ളത്. അപ്പോഴേക്കും അവരെ സമൂഹം എഴുത്തിൽനിന്ന് അടിച്ചോടിച്ചിട്ടുണ്ടാവും. ഒരു കാവ്യമോ ഒന്നോ രണ്ടോ കൃതികളോ രചിച്ചുകഴിയുമ്പോഴേക്കും പലതരം വിലക്കുകളും വിലങ്ങുകളും, സ്വന്തം കുറ്റബോധവും കാരണം, അവർ, പതിയെപ്പതിയെ, ഒന്നും എഴുതാതെയായി, കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കും

ലളിതാംബിക അന്തർജനമാകട്ടെ വളരെ ചെറിയ കുട്ടിയായിരുന്നപ്പോൾമുതൽ എഴുതിത്തുടങ്ങുകയും, പതിമ്മൂന്നാമത്തെ വയസ്സിൽ ആദ്യരചന പ്രസിദ്ധീകരിക്കുകയും ചെയ്തു. കവിത, ലേഖനം, കുറിപ്പ്, കഥ, അനുഭവം, പഠനം, നാടകം, ബാലസാഹിത്യം, നോവൽ, സിനിമാതിരക്കഥ ഇങ്ങനെ എഴുത്തിന്റെ സർവമണ്ഡലങ്ങളിലും ലളിതാംബിക അന്തർജനം നിരന്തരമായി ഇടപെട്ടുകൊണ്ടിരുന്നു. അന്തർജനങ്ങൾ പുറത്തിറങ്ങാൻ പാടില്ലാത്ത അന്നത്തെ കാലത്ത് ധൈര്യപൂർവം അകലെയുള്ള സ്ഥലങ്ങളിലേക്കും സമ്മേളനങ്ങളിലേക്കും സഞ്ചരിച്ച് ആവേശകരമായി നീതിക്കും ലിംഗസമത്വത്തിനും ആവിഷ്കാരസ്വാതന്ത്ര്യത്തിനുംവേണ്ടി പ്രസംഗിച്ചു. പ്രസംഗങ്ങൾ കഴിഞ്ഞു തിരിച്ചുവീട്ടിലെത്തുമ്പോൾ പല ബന്ധുക്കളുടെയും ശകാരവും പുറത്താക്കലും നേരിടേണ്ടി വന്നു.



കൂടാതെ, പല ഔദ്യോഗിക പദവികളും ലളിതാംബിക അന്തർജനം ഏറ്റെടുത്തു. കേരള സാഹിത്യ അക്കാദമിയുടെ ഉയർന്ന പദവിയിൽ എത്രയോ വർഷം ലളിതാംബിക അന്തർജനം പ്രവർത്തിച്ചു. മറ്റു പല സാഹിത്യസംഘടനകളിലും കമ്മിറ്റികളിലും പ്രവർത്തിച്ചു. അന്നുണ്ടായിരുന്ന എല്ലാ എഴുത്തുകാരോടും പ്രസാധകരോടും ലിംഗവ്യത്യാസം ഇല്ലാതെ ഇടപെട്ടു. അവരോടൊക്കെ വളരെ ഊഷ്മളമായ ബന്ധം നിലനിർത്തി.

അവർ ഒരു അമ്മയും മകളും സഹോദരിയും മുത്തശ്ശിയും സ്നേഹിതയും ഒക്കെയായിരുന്നെങ്കിലും അവരുടെ ചുറ്റുമുണ്ടായിരുന്ന ഊർജം ഒരു എഴുത്തുകാരിയുടേതുമാത്രമായിരുന്നു. അവർ സ്വയം അടയാളപ്പെടുത്തിയത് ഒരു എഴുത്തുകാരിയായിട്ടാണ്. കുടുംബപരമായ, സാമൂഹികപരമായ ഉത്തരവാദപ്പെട്ട, റോളുകളൊക്കെ വളരെ ഭംഗിയായി ചെയ്യുമ്പോഴും അവർ മനസ്സിൽ ഉറപ്പിച്ചിരുന്നു, മറ്റൊന്നുമല്ല ഒരു എഴുത്തുകാരിയാണ് താൻ എന്ന്.

ലളിതാംബിക അന്തർജനത്തിനു പത്തുവർഷം ഇളയതായിരുന്നു കെ സരസ്വതിയമ്മ. ഉള്ളിൽ ഒരു വലിയ തീക്കുണ്ഡവുമായി എഴുത്തുലോകത്തെത്തിയ സ്ത്രീയാണവർ. ചങ്ങമ്പുഴ രമണൻ എഴുതിയ കാലത്ത്, 'പ്രേമത്തിൽ സ്ത്രീകളാണോ ചതിക്കുന്നത്? പുരുഷന്മാരല്ലേ?' എന്നു ചോദിച്ചു കവിയെ, വഴിതടഞ്ഞ്, വെല്ലുവിളിക്കാൻ ധൈര്യപ്പെട്ട സ്ത്രീയാണവർ.

'രമണൻ കാവ്യത്തെ മുൻനിർത്തി എന്നോടൊരു ചർച്ചയ്ക്കു തയ്യാറുണ്ടെങ്കിൽ എന്റെ വീട്ടിലേക്കു വാ' എന്ന് ആൾക്കൂട്ടത്തിനു നടുവിൽ, നടുറോഡിൽ അവർ ചങ്ങമ്പുഴയെ വെല്ലുവിളിച്ചു. ചന്ദ്രികയെ മോശക്കാരിയാക്കിയതിന് അത്രയ്ക്കു ദേഷ്യമായിരുന്നു സരസ്വതിയമ്മയ്ക്ക്. കലിയടങ്ങാതെ, അവർ 'രമണി'എന്ന, നേരേ വിപരീതമായ ഒരു കഥ എഴുതുകയുണ്ടായി. അവർ എഴുതിയ കഥകളിലെല്ലാം സ്ത്രീയുടെ ആത്മാഭിമാനം തിളങ്ങിനിന്നു.

എന്നാൽ, കുറച്ചുകഴിഞ്ഞപ്പോൾ എഴുത്തുലോകത്തുനിന്ന് അവർ അപ്രത്യക്ഷയായി. ചുറ്റുമുള്ള ലോകം അവരെ അങ്ങനെയാക്കി.

ചെറുപ്പക്കാരിയായിരുന്ന സമയത്ത് കെ. സരസ്വതിയമ്മ ലളിതാംബിക അന്തർജനത്തെ കണ്ടപ്പോൾ ചോദിച്ചത്, 'ഇങ്ങനെ കഥകൾമാത്രം എഴുതിയാൽ മതിയോ? സ്ത്രീകളെ അപമാനിക്കുന്ന എന്തെല്ലാം കഥകൾ ഈ പുരുഷന്മാർ എഴുതുന്നു. അവയ്ക്കൊക്കെ മറുപടി പറയണ്ടേ?' എന്നാണ്.

കെ. സരസ്വതിയമ്മ വർഷങ്ങളോളം എഴുതാതെ ഇരുളിൽ മറഞ്ഞപ്പോൾ ലളിതാംബിക അന്തർജനം അവരെ തേടിച്ചെന്നു. അടച്ചിട്ട ഒരു വീടിന്റെ ഇരുളടഞ്ഞ മുറിയിൽ സരസ്വതിയമ്മ ഉണ്ടായിരുന്നു. ലളിതാംബിക അന്തർജനം ചോദിച്ചു: "എന്താണ് ഇപ്പോൾ ഒന്നും എഴുതാത്തത്?" അവർ പറഞ്ഞ ഉത്തരം, 'എന്തിന്? ആ സമയം സുഖമായി ഉറങ്ങാമല്ലോ' എന്നാണ്.

ബുദ്ധികൊണ്ടും മനസ്സുകൊണ്ടും വീര്യംകൊണ്ടും ഉത്സാഹംകൊണ്ടും ഊർജംകൊണ്ടും ഭാഷകൊണ്ടും എഴുത്തുകൊണ്ടും ആശയംകൊണ്ടും അത്യുജ്ജ്വലമായി കത്തിനിന്നിരുന്ന ഒരു സ്ത്രീയാണ് ആ ഉത്തരം പറഞ്ഞത് എന്നു നമ്മൾ ആലോചിക്കണം.

ഇന്നത്തെ കാലത്ത് പല കൂട്ടുസമ്പ്രദായങ്ങളും ഉള്ളതുകൊണ്ട് എഴുത്തുകാരികൾക്ക് ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ചില ആശ്വാസമൊക്കെ കിട്ടുന്നുണ്ടെങ്കിലും എഴുത്തുകാരികളുടെ മൊത്തത്തിലുള്ള അവസ്ഥയ്ക്ക് ഒരു മാറ്റവും ഇന്നും സംഭവിച്ചിട്ടില്ല.

രാജലക്ഷ്മി എന്ന എഴുത്തുകാരിയെക്കുറിച്ച് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. തന്റെ പ്രാഗല്ഭ്യം വളരെ ചെറുപ്പത്തിലേ തെളിയിച്ച ഒരു എഴുത്തുകാരിയാണ് രാജലക്ഷ്മി. ബിരുദാനന്തര ബിരുദവും നല്ല ജോലിയും ഉണ്ടായിരുന്ന പുരോഗമനവാദിയായ ഒരു സ്ത്രീ.

കഥകളും കവിതകളും കൂടാതെ കുറച്ചു നോവലുകളും അവർ എഴുതി. 'ഞാൻ എന്ന ഭാവം, ഒരു വഴിയും കുറെ നിഴലുകളും, ഉച്ചവെയിലും ഇളംനിലാവും' ഒക്കെ വളരെയേറെ ശ്രദ്ധിക്കപ്പെട്ട കൃതികളാണ്. നോവൽരചനയുടെ പകുതിഘട്ടത്തിൽ, തന്റെ മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ, പ്രശസ്തിയുടെ കൊടുമുടിയിൽ, അവർക്ക് ആത്മഹത്യ ചെയ്യേണ്ടി വന്നു.

ഒരു മരണക്കുറിപ്പ്എഴുതിയിട്ടുണ്ടായിരുന്നു:

"ജീവിച്ചിരുന്നാൽ എഴുതിപ്പോകും. എഴുതിയാൽ പലർക്കുമതു ബുദ്ധിമുട്ടാണ്. എന്നാൽ, എഴുതാതെ ജീവിച്ചിരിക്കാനും വയ്യ."



ലളിതാംബിക അന്തർജ്ജനം



കെ. സരസ്വതിയമ്മ



രാജലക്ഷ്മി

ഒരു എഴുത്തുകാരിയുടെ യഥാർത്ഥമനസ്സ് ഈ വാക്കുകളിലുണ്ട്. ശരിക്കും പറഞ്ഞാൽ ഈ ലോകത്തെ എല്ലാ എഴുത്തുകാരികളെയും ഈ വാക്കുകളിൽ കാണാം.

മനുഷ്യലോകത്തെ പകുതിയിൽ കൂടുതൽ അനുഭവസമ്പത്തിന് അർഹർ സ്ത്രീകളാണ്. ആ സ്ത്രീകളെയാണ്, അവരുടെ അനുഭവങ്ങളെയാണ്, നൂറ്റാണ്ടുകളായി മനുഷ്യർ കാണാൻ മുതിരാതിരുന്നത്, അടയാളപ്പെടുത്താൻ അനുവദിക്കാതിരുന്നത്.

ഏറ്റവും ആധുനികമായ ഇന്നത്തെ കാലത്തും സ്ത്രീവിരുദ്ധതയ്ക്ക് ഒട്ടും കുറവില്ല. തലമുറതലമുറകളായി, സ്ത്രീകളുടെ ബുദ്ധിയിലും മനസ്സിലും രക്തത്തിലും മാംസത്തിലും അലിഞ്ഞുചേർന്ന അബദ്ധധാരണകളും വിശ്വാസങ്ങളും അവരെ പിറകോട്ടുവലിക്കുന്നു.

തന്റേടികൾ എന്ന 'ചീത്തപ്പേര്' കേൾപ്പിക്കുന്ന, പുതിയ തലമുറയിലെ കുറച്ചു ചെറുപ്പക്കാരികളാണ് എഴുത്തുകാരികളുടെ ലോകത്തും മാറ്റം കൊണ്ടുവരുന്നത്. ഇനിയുള്ള കാലം അവർക്കുള്ളതാണ്.

അന്ന് കെ. സരസ്വതിയമ്മമാരും രാജലക്ഷ്മിമാരും എഴുത്തുലോകത്തുനിന്ന് ഓടിപ്പോവുകയില്ല. അവരുടെ നേരേ നീളുന്ന വടികളെ അവർ പുച്ഛിച്ചുതള്ളും. ■

# കർഷകനു കാട്ടുനീതിയോ?



പ്രഫ. കെ. എം. ഫ്രാൻസിസ്

**കേ**രളത്തിലെ കാർഷികമേഖല അനുദിനം ഇല്ലായ്മയിലേക്കു നിപതിച്ചുകൊണ്ടിരിക്കുകയാണ്. വലിയൊരു വിഭാഗം ജനതയുടെ ഉപജീവനമാർഗവും കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും നിലനില്പിന്റെ ആധാരവുമായ ഭക്ഷ്യവസ്തുക്കൾ, വ്യവസായാവശ്യത്തിനുള്ള കാർഷിക അസംസ്കൃതവസ്തുക്കൾ എന്നിവ നാം ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലാണ്. ഒരു കാലത്ത് കാർഷികോത്പന്നങ്ങളിൽ സ്വയംപര്യാപ്തത നേടിയിരുന്ന നാം ഇന്നു കാർഷികോത്പന്നങ്ങൾ അയൽസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. ഇറക്കുമതിവഴിയായി നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തവരുമാനത്തിന്റെ ഗണ്യമായ ഭാഗത്തെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുക്കിക്കളയുന്നു. ഇറക്കുമതി സംസ്ഥാനങ്ങൾക്കു വികസനപ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും പണം കണ്ടെത്തുക ബുദ്ധിമുട്ടാണ്.

കാർഷികമേഖലയുടെ തകർച്ചയുടെ കാരണവും പരിഹാരവും കണ്ടെത്താൻ നമ്മുടെ നയരൂപീകരണകേന്ദ്രമായ നിയമസഭ ഇനിയും വൈകിയാൽ ഇപ്പോൾ വന്നിരിക്കുന്ന ധനവിനിയോഗപ്രശ്നങ്ങൾ കൂടുതൽ വഷളാകുമെന്നു മനസ്സിലാക്കണം. കേരളത്തിൽനിന്നാൽ തങ്ങളുടെ സാമ്പത്തികഭാവി ഇരുളടഞ്ഞുപോകുമെന്നതുകൊണ്ടാണ് യുവാക്കൾ വിദേശത്തേക്കു കുടിയേറുന്നത്. ഇതു തുടർന്നാൽ കേരളം തന്നെ ഭാവിയിൽ ഇല്ലാതാകും. അതുകൊണ്ട് കേരളത്തിലെ കാർഷികവ്യവസായമേഖലയുടെ സമഗ്രവളർച്ചയ്ക്കായി കത്തോലിക്കാകോൺഗ്രസ് എന്ന സംഘടന ചില മേഖലകളിൽ പ്രായോഗികമായ ചില നിർദേശങ്ങൾ സമർപ്പിക്കുന്നു. വികലമായ പരിസ്ഥിതിനയം, ഭൂവുടമസ്ഥതാചട്ടങ്ങൾ, വിലനയം, ഇറക്കുമതി-കയറ്റുമതി ചട്ടങ്ങൾ, വനനയം, വന്യജീവി പരിപാലനനയം എന്നിവയിൽ കാര്യമായ മാറ്റം ആവശ്യമായി വന്നിരിക്കുന്നു.

1. കാർഷികാനുബന്ധവ്യവസായങ്ങൾ വളരുകയും കാർഷികം, മത്സ്യബന്ധനം, വളർത്തുമൃഗപരിപാലനം എന്നിവയിലൂടെ ലഭിക്കുന്ന അസംസ്കൃതവസ്തുക്കൾ മൂല്യവർധിതവസ്തുക്കളാക്കി കയറ്റുമതി ചെയ്യാനുള്ള സാധ്യത ഉണ്ടാവുകയും ചെയ്യുന്നെങ്കിൽ മാത്രമേ അടിസ്ഥാന കർഷകനു വില ലഭിക്കുകയുള്ളൂ. അതുകൊണ്ട്, കാർഷികവ്യവസായസ്ഥാപനങ്ങൾക്കു ബാഹ്യമായ ഇടപെടലുകളിൽനിന്നു പൂർണമായ സ്വാതന്ത്ര്യം നൽകണം.

2. കൃഷിഭൂമിയിലെ കാർഷികവും അനുബന്ധവുമായ പ്രവർത്തനങ്ങളിലെ ഉദ്യോഗസ്ഥർ, വനപരിപാലകർ, വന്യമൃഗങ്ങൾ, തൊഴിലാളി നേതാക്കൾ എന്നിവരുടെ ഇടപെടലുകൾ ഉത്പാദനക്ഷമത കുറയ്ക്കുന്നു.

3. നെൽക്കൃഷി നിലനിൽക്കണമെങ്കിൽ പുഴയിലെ മണൽ ശാസ്ത്രീയമായ അളവിൽ നീക്കംചെയ്ത് വെള്ളത്തിനു സുഗമമായ വിധത്തിൽ ഒഴുകാൻ സംവിധാനം നടപ്പിലാക്കുക. പുഴയിലും ചെറിയ നീർച്ചാലിലും അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്തില്ലെങ്കിൽ താഴ്ന്ന പ്രദേശങ്ങളിലെ പാടശേഖരങ്ങൾ നശിച്ചുപോകും.

4. വനംവകുപ്പുദ്യോഗസ്ഥർ, സർക്കാർ ഉദ്യോഗസ്ഥർ, തൊഴിലാളി യൂണിയൻ നേതാക്കൾ എന്നിവർ ഒരു കർഷകന്റെ നേരേ കേസെടുക്കുകയും കേസ് കള്ളക്കേസാണെന്നു തെളിയുകയും ചെയ്താൽ കേസെടുത്ത ഉദ്യോഗസ്ഥനെ പിരിച്ചുവിടുകയും അദ്ദേഹത്തിന്റെ സ്വത്ത് ജപ്തി ചെയ്ത് കർഷകനു നഷ്ടപരിഹാരം നൽകുകയും ചെയ്യുക. ഇതു വ്യവസായ, കച്ചവട, വിദ്യാഭ്യാസമേഖലകളിലും നടപ്പാക്കുക. അല്ലെങ്കിൽ കള്ളക്കേസെടുത്ത് ഭീഷണിപ്പെടുത്തുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുത്വം നിലനിൽക്കും.

5. ബാഹ്യ ഇടപെടലുകളിൽനിന്നു മുക്തമായ കൃഷി, വ്യവസായ, വിദ്യാഭ്യാസമേഖലയാണ് വ്യക്തികളുടെ കഴിവുകൾ വളരാനുള്ള സാധ്യത നൽകുന്നത്.

6. കാർഷികോത്പന്നങ്ങൾ സംഭരിച്ചാൽ 24 മണിക്കൂറിനുള്ളിൽ കർഷകനു വില നൽകുക.



7. കാർഷികസ്ഥാപനങ്ങൾ തുടങ്ങാനും കയറ്റുമതി നടത്താനും ഫ്രീ ഇക്കോണമിക് സോൺ ആരംഭിക്കുക. അവിടെ നികുതി പൂർണമായും ഒഴിവാക്കുക.

8. കേരളത്തിലെ കാർഷികമേഖല പന്നി, കാട്ടാന, കരടി, മയിൽ, കുരങ്ങ് മുതലായവയുടെ നിരന്തരാക്രമണത്തിനു വിധേയമാണ്. മാത്രമല്ല, ഇവയുടെ ആക്രമണംമൂലം മനുഷ്യജീവൻ നഷ്ടമാകുകയും ചെയ്യുന്നു. കേരളത്തിലെ കൃഷിസ്ഥലങ്ങളിലെ 25 ശതമാനവും വനാതിർത്തിയോടു ചേർന്നതാണ്. അതുകൊണ്ട്, വന്യമൃഗങ്ങളിൽനിന്നു സംരക്ഷണം നൽകിയില്ലെങ്കിൽ കൃഷി നിലനിർത്തുക കർഷകർക്ക് അസാധ്യമാകും.

അതിനാൽ,

a. വന്യമൃഗങ്ങളിൽനിന്ന് അക്രമം നേരിടുകയും മരിക്കുകയും ചെയ്യുന്നവർക്ക് 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുക.

b. കാർഷികമേഖലയിൽ ശല്യമുണ്ടാക്കുകയും നിരന്തരം കൃഷി നശിപ്പിക്കുകയും ചെയ്യുന്ന പന്നി, മയിൽ മുതലായവയെ വെടിവച്ചു കൊല്ലാനുള്ള അധികാരം കർഷകനു നൽകുക.

c. സർക്കാർതന്നെ കൂടുതൽ ജനനനിരക്കുള്ള വന്യജീവികളുടെ എണ്ണത്തെ നിയന്ത്രിക്കുക. മനുഷ്യന്റെ ജനനനിരക്കു കുറയ്ക്കാൻവേണ്ടി മുറവിളി കൂട്ടുന്നവർ മൃഗങ്ങളുടെ ജനനനിരക്കു കുറയ്ക്കാൻ ആവശ്യപ്പെടുമ്പോൾ മുറവിളി കൂട്ടുന്നത് കപടപരിസ്ഥിതി പ്രേമമാണെന്നു മനസ്സിലാക്കുക.

d. ആന, കടുവ, പുലി, കരടി, കാട്ടുപോത്ത് മുതലായവയെ മയക്കുവെടിവച്ച് ഉൾക്കാട്ടിൽ വിടാനുള്ള സംവിധാനമേർപ്പെടുത്തുക. നിലവിലുള്ള ഇന്ത്യൻഭരണസംവിധാനമനുസരിച്ച് ഒരു വ്യക്തിയുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടായാൽ നടപടിയെടുക്കാനുള്ള അധികാരം ജില്ലാ കളക്ടർക്കാണ്. ജില്ലാ കളക്ടർ ഇക്കാര്യത്തിൽ തീരുമാനമെടുത്താൽ കോടതി ഇടപെടാതിരിക്കാനുള്ള നിയമനിർമാണം നടത്തുക.

e. വനംവകുപ്പ് കാട്ടിനകത്ത് തേക്ക്, യൂക്കാലി മുതലായവയുടെ കൃഷി നടത്തുന്നത് അവസാനിപ്പിക്കുക. ഇതുമൂലം നഷ്ടപ്പെട്ട വനത്തിന്റെ ജൈവവൈവിധ്യം എത്രയെന്നു കണക്കാക്കി ജനങ്ങളെ ബോധ്യപ്പെടുത്തുക.

f. തേക്ക്, യൂക്കാലി പ്ലാന്റേഷൻസ് വെട്ടിമാറ്റുക.

g. ഉൾക്കാട്ടിൽ മാവ്, പ്ലാവ് മുതലായ ഫലവർഗങ്ങൾ ഉണ്ടാകുന്ന മരങ്ങൾ നട്ടുപിടിപ്പിക്കുകയും അങ്ങനെ മൃഗങ്ങളെ കാട്ടിൽ നിലനിർത്താനുള്ള സംവിധാനം സൃഷ്ടിക്കുകയും ചെയ്യുക.


h. വനാതിർത്തിക്കു ചുറ്റും വേലി കെട്ടിത്തിരിക്കുക. അതു ചെലവു കുടുതലാണെങ്കിൽ വനാതിർത്തിയിൽ ട്രഞ്ച് കുഴിച്ച് വന്യമൃഗങ്ങളുടെ സഞ്ചാരം വനാതിർത്തിയിൽ ഒതുക്കുക.

■



പ്രൊഫ. ഡോ. ഡേവിസ് സേവ്യർ രചിച്ച പദശുദ്ധികോശം എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത പ്രോട്ടോസിഞ്ചെല്ലൂസും കോളജ് മാനേജരുമായ മോൺ. ജോസഫ് തടത്തിലിനു നൽകി പ്രകാശനം ചെയ്യുന്നു. പി.എസ്. സുരേഷ്, ഡോ. സാബു ഡി. മാത്യു, ഗ്രന്ഥകർത്താവ്, ഡോ. ജയിംസ് മംഗലത്ത്, ഫാ. കുര്യൻ തടത്തിൽ, അനൂപ് ജി., ഡോ. സി.റ്റി. ഫ്രാൻസീസ്, ഡോ. സണ്ണി കുര്യാക്കോസ് എന്നിവർ സമീപം.

**കവിത – അഡ്വ. എ.റ്റി. തോമസ്, പാലാ**



## കരിയുഗം

വെളുത്തതൊക്കെയും കറുത്തതാക്കുന്ന
കലിയുഗത്തിൽ നാം, കരിയുഗമിത്
നരച്ചുപാകത്തിൻ വിളഞ്ഞ മൗലിയെ
കരിവാരിത്തേച്ചു കറപ്പിക്കുന്നവർ
പകലിൻ വെട്ടത്തു പുറത്തിറങ്ങാതെ
ഇരുൾമുറിശൈത്യസുഖമറിയുവോർ
കതിരവൻ മെല്ലെക്കടലിൽ മുങ്ങിയാൽ
ഝടിതിയിൽ പുറത്തിറങ്ങിടുന്നവർ
പുലരിയിൽ സൂര്യൻ മിഴി തുറന്നാലും
ഇരുട്ടുമാഞ്ഞില്ലൊന്നുറങ്ങട്ടെന്നുള്ളോർ
വെളിച്ചത്തെക്കാണാതിരിക്കുവാൻ പൂഴി
മണലിൽ പൂഴ്ത്തുന്നു മിഴിയിനിച്ചിലർ
ഇരുട്ടുതന്നെയാണിവർക്കേറെ പ്രിയം
കലിയുഗത്തിന്റെ നിറംതന്നെയാവാം
മനുഷ്യാ! സർവതും കറപ്പിച്ചോളൂ നീ
വെളുത്ത സൂര്യനെ വൃഥാ വിടുക നീ!

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




കർത്താവിനെ ഭയപ്പെടുന്നവൻ അവിടുത്തെ ശാസന സ്വീകരിക്കുന്നു. പ്രഭാതത്തിൽ ഉണർന്ന് അവിടുത്തെ അന്വേഷിക്കുന്നവനു കൃപ ലഭിക്കും.

പ്രഭാ. 32:14

**എഡിറ്റോറിയൽ**

## കണ്ണിൽ ചോരയില്ലാത്ത കലാലയരാഷ്ട്രീയം

മൃഗസംരക്ഷകരാവേണ്ട ഭാവി വെറ്ററിനറി ഡോക്ടർമാരെ പരിശീലിപ്പിക്കുന്ന ഒരു കലാലയം 'മൃഗീയത'യുടെ ബീഭത്സരൂപമണിഞ്ഞു കളരിക്കൂത്തു നടത്തിയതാണ് കഴിഞ്ഞയാഴ്ച കേരളമനഃസാക്ഷിയെ നൊമ്പരംകൊള്ളിച്ചത്. വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ സിദ്ധാർഥ് എന്ന വിദ്യാർഥിക്കുണ്ടായ ദാരുണാന്ത്യം കേരളത്തിലെ കാമ്പസുകളിൽ മുമ്പൊരിക്കലും ഉണ്ടാകാത്തത്ര ക്രൂരവും പൈശാചികവുമാണ്. സാക്ഷരകേരളത്തിലെ ക്രിമിനൽവത്കരണത്തിന്റെ ഏറ്റവും ഒടുവിലത്തെ ഭീകരമുഖമാണിത്.

സിദ്ധാർഥിന്റേത് ഒരു തൂങ്ങിമരണമല്ല, ആൾക്കൂട്ടക്കൊലപാതകമാണെന്ന പൊതുവിചാരണയിലേക്കാണ് സാഹചര്യങ്ങളും തെളിവുകളും വിരൽചൂണ്ടുന്നത്. കലാലയരാഷ്ട്രീയത്തിലെ ഗുണ്ടാവിളയാട്ടം സകല രാക്ഷസീയഭാവങ്ങളുംപേറി അഴിഞ്ഞാടുന്നതിന്റെയും അതു ഭരണകൂടഭീകരതയായി വ്യാഖ്യാനിക്കാൻ ജനം നിർബന്ധിതരാകുന്നതിന്റെയും അവസാനത്തെ സാക്ഷ്യമാണ് പൂക്കോടുദുരന്തം.

വെറ്ററിനറി സർവകലാശാലയിൽ ഭരണകക്ഷിവിദ്യാർഥിസംഘടന നടത്തിയ 'മൃഗീയ' അഴിഞ്ഞാട്ടങ്ങൾ ഏറെ അപലപനീയമാണ്. കേരളത്തിൽ നടന്ന ഏറ്റവും നിഷ്ഠുരമായ കൊലപാതകങ്ങളിലൊന്നായി പൂക്കോടുദുരന്തം ചരിത്രത്തിലിടംപിടിക്കുകയാണ്. വിവരവും വിദ്യാഭ്യാസവുമുണ്ടെന്നു കരുതപ്പെടുന്ന കുറെ സതീർഥ്യരാണ് സിദ്ധാർഥിനെ ആൾക്കൂട്ടവിചാരണയ്ക്കൊടുവിൽ കൊന്നുതള്ളിയത്. മൂന്നുദിവസം വെള്ളംപോലും കൊടുക്കാതെ പല മുറികളിൽ പൂട്ടിയിട്ടു പീഡിപ്പിച്ചു. ഹോസ്റ്റലിന്റെ മുൻവശത്തെ ഗ്രൗണ്ടിൽ അവനെ വസ്ത്രാക്ഷേപം ചെയ്ത് വിദ്യാർഥിനീവിദ്യർഥികളുടെ മുന്നിലിട്ട് ദേഹമാസകലം മർദിച്ചു. റാഗിങ്ങിന്റെയും ആൾക്കൂട്ടവിചാരണയുടെയും പ്രാകൃതമായ രീതിയാണ് അവിടെ നടന്നത്. മുറിവേറ്റുകിടക്കുന്ന മൃഗങ്ങളോടു സഹജീവികൾ കാണിക്കുന്ന സഹാനുഭൂതിപോലും സഹപാഠികളായ ക്രിമിനലുകൾ സിദ്ധാർഥിനോടു കാണിച്ചില്ല എന്നതിലാണ് അവരുടെ കൂട്ടുകെട്ടിന്റെ മുഖാവരണം അഴിയുന്നത്.

കാമ്പസ് രാഷ്ട്രീയത്തിലെ അധികാരദാഹം വയലൻസായി പരിണമിക്കുന്നതും അതു സംഹാരതാണ്ഡവമാടുന്നതും ഇന്നു പതിവായിരിക്കുന്നു. റാഗ് ചെയ്തും ഭീഷണി മുഴക്കിയും വിപ്ലവാഹ്വാനം നടത്തിയുമാണ് കേരളത്തിലെ കുട്ടികൾ രാഷ്ട്രീയം അഭ്യസിക്കുന്നതെന്ന് ആരും അറിയാതെപോകുന്നു. അറിയുന്ന അധ്യാപകരോ ചുരുക്കം ചില രക്ഷിതാക്കളോ മൗനവ്രതത്തിലാണുതാനും.

പൂക്കോടുവിഷയത്തിൽ സർവകലാശാല ചാൻസലർകൂടിയായ ഗവർണർ നിലപാടു വ്യക്തമാക്കി ക്രിമിനലുകളെ തളയ്ക്കണമെന്നു നിശ്ചയദാർഢ്യമെടുത്താണ് മുന്നോട്ടുപോകുന്നത്. സർവകലാശാല വി.സി.യെ ഉടനടി സസ്പെൻഡു ചെയ്ത നടപടി അതിന്റെ ഭാഗമാണ്. കോളജ് ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും സസ്പെൻഡ് ചെയ്തിരിക്കുന്നുവെന്ന വാർത്തയും ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. ഗുണ്ടാവിളയാട്ടങ്ങളെ നിയന്ത്രിക്കാതിരിക്കുന്നതും കണ്ടില്ലെന്നു നടിക്കുന്നതും ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുള്ള കൃത്യവിലോപംതന്നെയാണെന്ന് ഈ നടപടികൾ അടിവരയിട്ടു പറയുന്നു.

ക്രിമിലുകളെ പോറ്റിവളർത്തുന്ന സുരക്ഷിതതാവളങ്ങളാണോ നമ്മുടെ കലാലയങ്ങളും സർവകലാശാലകളുമെന്ന് ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. കേരളത്തിലെ പല കലാലയങ്ങളുടെയും കവാടങ്ങൾ പാർട്ടി ഓഫീസുകളെ വെല്ലുന്ന തരത്തിൽ കൊടിതോരണങ്ങളും പോസ്റ്ററുകളുംകൊണ്ട് അലങ്കോലമാക്കിയതു കണ്ടിട്ടെന്തേ ആർക്കും ലജ്ജ തോന്നാത്തത്? അവിടെയുള്ള എഴുത്തുകളിൽ ഭൂരിഭാഗവും അശ്ലീലവും അസഭ്യവും ഭീഷണികളും വിപ്ലവങ്ങളുമാണെന്നു പെട്ടെന്നൊന്നു കണ്ണോടിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ഇതൊക്കെക്കണ്ടിട്ടും നമ്മുടെ ബുദ്ധിജീവിവർഗം ഒന്നും മിണ്ടാതിരിക്കുന്നത് ആരെ പേടിച്ചാണ് അഥവാ ആരെ പ്രീണിപ്പിക്കാനാണ്? ദിശ തെറ്റിയോടുന്ന കാമ്പസ്രാഷ്ട്രീയത്തെ തിരുത്തിയെടുത്തു ചികിത്സിക്കാൻ നമ്മുടെ വിദ്യാഭ്യാസവിചക്ഷണന്മാരും സാഹിത്യനായകരും മുന്നോട്ടിറങ്ങാത്തത് എന്തുകൊണ്ടാണ് എന്ന ചോദ്യവും ഉത്തരമില്ലാതെ അവശേഷിക്കുകയാണ്. അതോ, ഇക്കൂട്ടരെല്ലാം രാഷ്ട്രീയത്തടവറയിൽ സുഖശയനം നടത്തുന്നതുകൊണ്ടാണാ പ്രതികരണശേഷി വറ്റിപ്പോകുന്നത്.

ആയുധങ്ങൾ സൂക്ഷിക്കാനുള്ള മുറികളും ഇടിമുറികളും വിചാരണക്കോടതികളും റാഗിങ് സെന്ററുകളും മദ്യമയക്കുമരുന്നിടങ്ങളും കേരളത്തിലെ പ്രൊഫഷണൽ കാമ്പസുകളുടെ, പ്രത്യേകിച്ച് സർക്കാർ കോളജുകളുടെ അവിഭാജ്യഘടകമാണെന്നതു പരസ്യമായ രഹസ്യമാണ്. കക്ഷിരാഷ്ട്രീയത്തിന്റെ തിമിരം ബാധിച്ച് അധികാരക്കൊയ്ത്തിനായി അഭിരമിക്കുന്ന അഭിനവ കുട്ടിനേതാക്കന്മാരുടെ ഈ ഗതികെട്ട പോക്ക് അപകടത്തിലേക്കാണെന്നു വിളിച്ചുപറയാൻ അധ്യാപകരും രക്ഷിതാക്കളും രംഗത്തിറങ്ങിയില്ലെങ്കിൽ പൊതുജനം അതിനു തയ്യാറായി വരും.

കേരളത്തിലെ വിദ്യാർഥിപ്രസ്ഥാനങ്ങളുടെ ഗുണ്ടാവിളയാട്ടം പാർട്ടി നോക്കാതെ അടിച്ചമർത്താൻ ഇവിടുത്തെ സർക്കാരിനു കഴിയേണ്ടതുണ്ട്. പക്ഷേ, രാഷ്ട്രീയപ്പാർട്ടികളെല്ലാം കാമ്പസ്രാഷ്ട്രീയത്തിൽ മൃദുനയം സ്വീകരിച്ചിരിക്കുന്നതിനാൽ ഇനി കോടതിയിലേ അഭയമുള്ളൂ. റാഗിങ്ങും രാഷ്ട്രീയാതിപ്രസരവും ശാപമോക്ഷം ലഭിക്കാതെ വർഷങ്ങളായി കോടതി കയറിയിറങ്ങുകയാണ്. കോടതി ഇക്കാര്യത്തിൽ വിധിത്തീർപ്പു നടത്താനുള്ള സത്വരശ്രദ്ധയും ഇച്ഛാശക്തിയും കാണിച്ചേ പറ്റൂ.

# വിദേശ – സ്വകാര്യ സർവകലാശാലകൾ: സംസ്ഥാനസർക്കാർ നിലപാടു വ്യക്തമാക്കണം

## കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ

കൊച്ചി: സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ഏറെ നിർണായകമായ വിദേശ–സ്വകാര്യസർവകലാശാലകൾ ആരംഭിക്കുന്ന വിഷയത്തിൽ സംസ്ഥാനസർക്കാർ അവ്യക്തത അവസാനിപ്പിച്ച് നിലപാടുകൾ വ്യക്തമാക്കണമെന്ന് കെസിബിസി വിദ്യാഭ്യാസക്കമ്മീഷൻ.

കേരളത്തിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ സംരക്ഷിക്കേണ്ട കടമയും ഉത്തരവാദിത്വവും സംസ്ഥാനസർക്കാരിനുണ്ട്. സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ, എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ ഇന്നു നിലനിൽക്കുന്നതും തുടർച്ചയായി അടിച്ചേല്പിച്ചുകൊണ്ടിരിക്കുന്നതുമായ അനാവശ്യമായ സർക്കാർ ഉത്തരവുകളും നിയന്ത്രണങ്ങളും നിരോധനങ്ങളും ഒഴിവാക്കി രാജ്യാന്തരകാഴ്ചപ്പാടും മത്സരക്ഷമതയും സാമൂഹികബോധവുമുള്ള ഉന്നതവിദ്യാഭ്യാസമേഖല സൃഷ്ടിക്കുന്നതിനായി സമഗ്രമാറ്റങ്ങളും പൊളിച്ചെഴുത്തും അടിയന്തരമായി നടപ്പാക്കേണ്ടതാണെന്നും ഭരണഘടന ഉറപ്പാക്കുന്ന വിദ്യാഭ്യാസന്യൂനപക്ഷാവകാശങ്ങൾ രാജ്യത്തും സംസ്ഥാനത്തും സംരക്ഷിക്കപ്പെടണമെന്നും കെസിബിസി വിദ്യാഭ്യാസകമ്മീഷൻ വ്യക്തമാക്കി.

വിദേശരാജ്യങ്ങളിലേക്കുമാത്രമല്ല, അന്യസംസ്ഥാനങ്ങളിലേക്കും പഠനത്തിനും തൊഴിലിനുമായി കേരളത്തിലെ പുതുതലമുറയുടെ പറിച്ചുനടീൽ ഇന്നു സജീവമാണ്. ഇതരസംസ്ഥാനങ്ങളിൽനിന്നു വിദ്യാർഥികൾക്ക് കേരളത്തിൽ പഠനത്തിനായി കടന്നുവരാനുതകുന്ന പദ്ധതികളും സർക്കാർ ഉത്തരവുകളും ഉണ്ടാകണം. ഗവർണർ – ഗവൺമെന്റ് പോർവിളികൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയുടെ നിറംകെടുത്തുന്നു. കലാലയരാഷ്ട്രീയത്തിന്റെ അതിപ്രസരവും തീവ്രവാദഗ്രൂപ്പുകളുടെ സ്വാധീനവും മദ്യം മയക്കുമരുന്നുകളുടെ ഉപയോഗവും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയുടെ പവിത്രത നശിപ്പിച്ചു പിന്നോട്ടടിക്കുന്നു. പുതുതലമുറയുടെ ഭാവി പ്രതീക്ഷകൾക്കു മങ്ങലേറ്റു. ബുദ്ധിയും കഴിവുമുള്ളവർ സംസ്ഥാനം വിടുന്നത് തിരിച്ചറിഞ്ഞ് രാജ്യാന്തരതൊഴിൽസാധ്യതകളുള്ള നവീനകോഴ്സുകളും, ഗവേഷണമേഖലയ്ക്കും സംരംഭകത്വത്തിനും മുൻതൂക്കം നൽകുന്ന പാശ്ചാത്യേതരരീതികളും നടപ്പാക്കാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസവകുപ്പ് മുൻകൈയെടുക്കണം.

സ്വയംഭരണവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നിയമം അനുശാസിക്കുന്ന സ്വയംഭരണാവകാശങ്ങൾ പൂർണമായി നൽകണമെന്നും ക്രൈസ്തവന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസമുൾപ്പെടെയുള്ള മേഖലകളിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്ന ജെ ബി കോശി കമ്മീഷൻ മുഴുവൻ റിപ്പോർട്ടും പുറത്തുവിട്ട് കമ്മീഷൻ ശിപാർശകൾ സർക്കാർ അടിയന്തരമായി നടപ്പാക്കണമെന്നും കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ആവശ്യപ്പെട്ടു.




*കൊച്ചി പാലാരിവട്ടം പിഒസിയിൽ ചേർന്ന കേരളത്തിലെ കത്തോലിക്കാ മെഡിക്കൽ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ, സ്വകാര്യ / സ്വാശ്രയ / എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, നഴ്സിങ്, ബിഎഡ് കോളജുകളുടെ മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും സംയുക്തസമ്മേളനം കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു.*

കൊച്ചി പാലാരിവട്ടം പിഒസിയിൽ ചേർന്ന കേരളത്തിലെ കത്തോലിക്കാ മെഡിക്കൽ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ, സ്വകാര്യ / സ്വാശ്രയ / എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, നഴ്സിങ്, ബിഎഡ് കോളജുകളുടെ മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും സംയുക്തസമ്മേളനം കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ വിദ്യാഭ്യാസാവകാശങ്ങൾ ബലികഴിക്കാൻ ആരെയും അനുവദിക്കില്ലെന്നും ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നേരേ നടക്കുന്ന അക്രമങ്ങൾ അപലപനീയവും എതിർക്കപ്പെടേണ്ടതുമാണെന്നും ബിഷപ് ഓർമിപ്പിച്ചു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ത്യാഗപൂർണവും നിസ്വാർഥവുമായ സേവനങ്ങളാണ് നൂറ്റാണ്ടുകളായി ക്രൈസ്തവസമൂഹം പങ്കുവയ്ക്കുന്നത്. ഇതിനെ നിസ്സാരവത്കരിക്കാൻ ശ്രമിക്കുന്നവർ ചരിത്രം പഠിക്കാത്തവരാണ്. ആധുനികകാലഘട്ടത്തിലെ ആഗോളാവസരങ്ങൾ കണ്ടെത്തി മത്സരിച്ചു മുന്നേറാനും, ആദർശശുദ്ധിയിൽ അടിയുറച്ചു നിൽക്കാനും പുതുതലമുറയെ പ്രാപ്തരാക്കാൻ നമുക്കാകണം. സത്യത്തിനു സാക്ഷികളായി നമ്മുടെ രാജ്യത്തോടും സമൂഹത്തോടും കടപ്പാടുള്ള ഉത്തമപൗരന്മാരെ വാർത്തെടുക്കുന്ന കേന്ദ്രങ്ങളായി ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തനനിരതരാകണമെന്നും ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു.

സമ്മേളനത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി പാലക്കാപ്പള്ളി അധ്യക്ഷത വഹിച്ചു. കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ആന്റണി അറയ്ക്കൽ, സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി സി സെബാസ്റ്റ്യൻ, ഫാ. ഡോ. അനിൽ ജോർജ് സിഎംഐ, ഡോ. ജിയോ ജോസ് ഫെർണാണ്ടസ്, ഡോ. അൽഫോൻസ വിജയ ജോസഫ്, ഫാ. ഡോ. റെജി പി. കുര്യൻ എന്നിവർ വിഷയാവതരണങ്ങൾ നടത്തി. ഫാ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി, ഫാ. ഡോ. മാർട്ടിൻ കെ എ, ഫാ. ഡോ. പോളച്ചൻ കൈത്തോട്ടുങ്കൽ എന്നിവർ സംസാരിച്ചു.

# ഹൃദയത്തിൽ ഒരാൾ



സി. എൽ. ജോസ്

അവന് അഞ്ചു വയസ്സു പ്രായം. സച്ചു എന്നാണു പേര്. ഓമനത്തമുള്ള മുഖം. സ്റ്റാൻലി - നീതു ദമ്പതികളുടെ ഏക മകൻ. അവനിപ്പോൾ കിടക്കുന്നത് ആശുപത്രി വാർഡിൽ.

മുമ്പ് അവർക്കു രണ്ടു കുഞ്ഞുങ്ങളുണ്ടായി. പക്ഷേ, ലോകം കാണുന്നതിനുള്ള ഭാഗ്യം ആ കുരുന്നുകൾക്കുണ്ടായില്ല. ആരംഭവും അന്ത്യവും ഗർഭപാത്രത്തിൽത്തന്നെയായിരുന്നു. മാസം തികയുന്നതിനുമുമ്പു പ്രസവിച്ചു. പുറത്തുവന്നതു ചാപിള്ളകൾ!

ദമ്പതികളുടെ ദുഃഖം അടക്കാനാവാത്തതായിരുന്നു. നൈരാശ്യവും നഷ്ടബോധവും അവരെ കീഴടക്കി. നിരന്തരമായ പ്രാർഥനയും വിലാപവും കണ്ണീരുമായി ദമ്പതികൾ മുമ്പോട്ടുപോയി. സന്താനഭാഗ്യത്തിനായി അകമുരുകി ദൈവത്തോടു പ്രാർഥിച്ചു.

കുഞ്ഞിനുവേണ്ടിയുള്ള ഉത്കടമായ ദാഹം പ്രാർഥനയുടെ ചിറകുകളിൽ ദൈവസന്നിധിയിലെത്തി. മാസങ്ങൾ കഴിഞ്ഞപ്പോൾ നീതു ഗർഭിണിയായി. സമയത്തിന്റെ പൂർണതയിൽ സച്ചു ജനിച്ചു. നല്ലൊരു മാലാഖക്കുഞ്ഞ്.

ദമ്പതികൾക്ക് അളക്കാനാവാത്ത ആനന്ദം. പൊന്നുമോനേ! എന്ന് നീതു വിളിക്കുമ്പോൾ സ്റ്റാൻലിയുടെ വിളി 'തങ്കക്കുട്ടാ!' എന്നാണ്. വീട്ടിൽ ആനന്ദത്തിന്റെ ആറാട്ട്. ആ മോനാണ് ഇപ്പോൾ ആശുപത്രിവാർഡിൽ കിടക്കുന്നത്. മൂന്നുനാലു വയസ്സുവരെ സച്ചുവിനു കാര്യമായ പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ഇടയ്ക്കു ചിലപ്പോൾ ശ്വാസംമുട്ടലും കിതപ്പും. വിദഗ്ധനായ ഡോക്ടറെ കാണിച്ചു. തുടർച്ചയായ ചികിത്സകൾ നടന്നു. അങ്ങനെ നാലഞ്ചു വയസ്സുവരെ മുമ്പോട്ടുനീങ്ങി.

ഒരു ദിവസം ഒട്ടും പ്രതീക്ഷിക്കാതെ സച്ചുവിന് അമിതമായ കിതപ്പും ശ്വാസതടസ്സവുമുണ്ടായി. ഉടനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. പ്രാഥമിക പരിശോധനയിൽ ഹൃദയത്തിനാണ് അസുഖമെന്നു മനസ്സിലായി. തുടർന്ന് കുട്ടിയെ ഹൃദ്രോഗവിഭാഗത്തിലേക്കു മാറ്റി. ഐസിയുവിൽ കിടത്തി. പ്രഗല്ഭനായ കാർഡിയോളജിസ്റ്റ് ഡോ. ബൽരാജ് കുട്ടിയെ വിശദമായി പരിശോധിച്ചു. സ്കാൻ ചെയ്തു. എക്കോ ചെയ്തു.

പരിശോധനകൾക്കുശേഷം പുറത്തുവന്ന ഡോക്ടർ മാതാപിതാക്കളെ വിളിപ്പിച്ചു. വേവലാതിപൂണ്ട് അവർ ഓടിയെത്തി. അവരോടു പറഞ്ഞു: "കുട്ടിക്ക് വെൻട്രിക്കുലർ ഡിഫെക്ടാണ്. അതായത്, ഹൃദയഭിത്തിയിൽ ചെറിയൊരു ദ്വാരം കാണുന്നുണ്ട്. എത്രയും വേഗം ഓപ്പറേഷൻ നടത്തണം."

നടുക്കത്തോടെയാണ് അവർ ഇതു കേട്ടത്.

"ചികിത്സിച്ചു ഭേദമാക്കാൻ പറ്റില്ലേ ഡോക്ടർ?" സ്റ്റാൻലിയുടെ ചോദ്യം.

"ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്നതല്ല. ഉടനെ ഓപ്പറേഷൻ നടത്തേണ്ട കേസാണ്. നീട്ടിവയ്ക്കുന്നത് ഒട്ടും ബുദ്ധിയല്ല. വളരെ ഗൗരവമുള്ളതാണ് ഓപ്പറേഷൻ. കാർഡിയാക് അറസ്റ്റും ഹൈപ്പർ ടെൻഷനും ഉണ്ടാകാം."

ഇതുകേട്ട് നീതു തളർന്ന മട്ടിലായി.

"ഓപ്പറേഷൻ ഒഴിവാക്കാൻ കഴിയില്ലേ ഡോക്ടർ?" ഉത്കണ്ഠയോടെയുള്ള ചോദ്യം വീണ്ടും.

ഡോക്ടർ മയത്തിൽ പറഞ്ഞു: "ഇതിന്റെ ഗൗരവം ഞാൻ പറഞ്ഞുമനസ്സിലാക്കിയില്ലേ? കോംപ്ലിക്കേറ്റഡ് കേസാണ്. റിസ്കുള്ള ഓപ്പറേഷൻ. സക്സസ് റേറ്റ് വളരെ കുറവാണ്. എന്തു വേണം?"

അവർ തീ വിഴുങ്ങിയപോലെ നിന്നു. തീരുമാനത്തിലെത്താനാവാതെ ദമ്പതികൾ പരസ്പരം പകച്ചു മിഴിച്ചു നിന്നു.

"ഒന്നു ഞാൻ പറയാം. ഓപ്പറേഷൻ നടത്തിയില്ലെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ കുട്ടി..."

"അയ്യോ...!" നീതു വിങ്ങിപ്പൊട്ടി. തലകറങ്ങുന്നതുപോലെ തോന്നി. ഉടനെ സ്റ്റാൻലി അവളെ താങ്ങി കസേരയിലിരുത്തി. പുറത്തുതട്ടി സാന്ത്വനപ്പെടുത്തി.

നിമിഷങ്ങൾ നീങ്ങി. ഒടുവിൽ തീ പിടിച്ച ഹൃദയവും പുകയുന്ന മനസ്സുമായി ദമ്പതികൾ നിറമിഴികളോടെ ഡോക്ടറെ സമ്മതമറിയിച്ചു.

അവർ ചങ്കുപൊട്ടി ദൈവത്തെ വിളിച്ചു നിലവിളിച്ചു. പൊന്നുമോനെ കൊഞ്ചിച്ചും കളിപ്പിച്ചും മതിയായില്ല. അവന്റെ കുസൃതികളും കൊച്ചുകൊച്ചു വികൃതികളും കണ്ടു കൊതി തീർന്നില്ല. ചില്ലറ അസുഖങ്ങളുണ്ടെങ്കിലും അവനെ സ്കൂളിൽ ചേർക്കാൻ ഒരുങ്ങിയിരിക്കുകയായിരുന്നു. അപ്പോഴേക്കും...

"ദൈവമേ! ഞങ്ങളുടെ പൊന്നുമോനെ ഞങ്ങൾക്കു തിരിച്ചു തരണമേ!" അവരുടെ മനംനൊന്ത വിലാപം.

പിറ്റേന്നു രാവിലെ ഓപ്പറേഷൻ. കുട്ടിയുടെ കേസാണ് ആദ്യം. ഡോക്ടർ ഓപ്പറേഷനു സന്നദ്ധനായി തിയേറ്ററിലേക്കു കടന്നുവന്നു. അവന്റെ അടുത്ത് ഫൈനൽ ചെക്കപ്പിനായി എത്തി. ഗുഡ്മോണിങ് പറഞ്ഞു. പുഞ്ചിരിച്ചു കിടക്കുന്ന സച്ചുവിനെ ഏറെ സന്തുഷ്ടിയോടെ നോക്കി വാത്സല്യപൂർവം അവന്റെ കവിളിൽ തട്ടി.

"മോനേ! പേടിക്കാനൊന്നുമില്ല, കേട്ടോ."

"എനിക്കു പേടിയൊന്നുമില്ല ഡോക്ടർ."

"വെരി ഗുഡ്"

"ഞാൻ... ഞാനൊരു കാര്യം പറയട്ടെ?" കഥയില്ലാത്തപോലെ. ബാലന്റെ മൊഴികൾ.

"എന്താണു മോനെ?"

നിഷ്കളങ്കതയോടെ ആ കിളുന്തുബാലൻ ഡോക്ടറോടു പറഞ്ഞു: "ഡോക്ടർ എന്റെ ഹൃദയം തുറന്ന് ഓപ്പറേഷൻ ചെയ്യുമ്പോ അവിടെ യേശു



വിനെ കാണും. എന്റെ മമ്മി പറഞ്ഞിട്ടുണ്ട് ഹൃദയത്തിൽ യേശുവുണ്ടെന്ന്. ഓപ്പറേഷൻ ചെയ്യുമ്പോ എനിക്ക് യേശുവിനെ കാണാൻ പറ്റില്ലല്ലോ. ഡോക്ടർ കാണും. അപ്പോ യേശുവിനോടു പറയണം, ഞാൻ യേശുവിനെ ഒരുപാട് ഒരുപാട് സ്നേഹിക്കുന്നുണ്ടെന്ന്."

വിചിത്രമായ ഈ പറച്ചിൽ കേട്ടു ഡോക്ടർ അമ്പരന്നുപോയി. നിമിഷനേരം തരിച്ചുനിന്നു. സമയം കളയാതെ ഡോക്ടർ ഓപ്പറേഷൻ ആരംഭിച്ചു. ബാലന്റെ ശരീരം ഓപ്പൺ ചെയ്തു കത്തി വച്ചപ്പോൾ, അപ്രതീക്ഷിതമായി പെട്ടെന്നു ബ്ലീഡിങ്ങുണ്ടായി. നിലയ്ക്കാത്ത ബ്ലീഡിങ്. ഡോക്ടർ വല്ലാത്ത ആശങ്കയിൽ.

ഉത്കണ്ഠ നിറഞ്ഞ നിമിഷങ്ങൾ. ഹാർട്ടുബീറ്റ് കൂടുന്നു. കുഞ്ഞു കൈവിട്ടുപോകുമോ? ക്രമേണ പൾസ്റേറ്റ് വല്ലാതെ താഴുന്നു. കുഞ്ഞു യാത്രയാവുകയാണ്. ഡോക്ടർക്കു വല്ലാത്ത ടെൻഷൻ. കൂടെ നില്ക്കുന്ന മെഡിക്കൽ സംഘത്തിനും അതേ പരിഭ്രാന്തി. നൂറുകണക്കിനു ശസ്ത്രക്രിയകൾ വിജയകരമായി നടത്തിയിട്ടുള്ള താൻ ഇവിടെ പരാജയപ്പെടുകയാണ്. ഈ വിഷമസന്ധിയിൽ ബാലൻ അല്പം മുമ്പു പറഞ്ഞ വാക്കുകൾ ഡോക്ടർ ബൽരാജിന്റെ കാതുകളിൽ മുഴങ്ങി.

"....ഓപ്പറേഷൻ ചെയ്യുമ്പോ എനിക്കു കാണാൻ പറ്റില്ലല്ലോ. ഡോക്ടർ കാണും. അപ്പോൾ യേശുവിനോടു പറയണം, ഞാൻ യേശുവിനെ ഒരുപാട്...ഒരുപാട് സ്നേഹിക്കുന്നുണ്ടെന്ന്."

ആ ചിന്തയിൽ ഡോക്ടർ മ്ലാനമുഖനായി, നിസ്സഹായതയോടെ ബാലന്റെ ഹൃദയത്തെ ഉറ്റുനോക്കി. എന്നിട്ട് ഏതോ വിശുദ്ധവികാരത്തിന്റെ പ്രേരണയാൽ ആ ഹൃദയത്തോടു സംസാരിച്ചു: "ഈ കുഞ്ഞിന്റെ അഭിലാഷമാണ്... ഇവന്റെ വിശ്വാസമാണ്, ജീസസ് ഇവന്റെ ഹൃദയത്തിലുണ്ടെന്ന്. ഈ കുഞ്ഞ് എന്നെ പറഞ്ഞേല്പിച്ചിരിക്കുന്നു; ഞാൻ ജീസസിനെ നേരിട്ടു കാണുമ്പോൾ, ജീസസിനെ ഈ കുഞ്ഞ് ഒരുപാടു സ്നേഹിക്കുന്നുണ്ടെന്നു പറയണമെന്ന്."

പതറിയ സ്വരത്തിൽ ഇത്രയും പറഞ്ഞുകഴിഞ്ഞു നോക്കിയപ്പോൾ അതാ ഒരു മിറക്കിൾ സംഭവിച്ചതുപോലെ പൊടുന്നനേ ബ്ലീഡിങ് നിന്നു. ഡോക്ടർക്ക് ആശ്ചര്യവും ആവേശവും ഉടനെ ഓപ്പറേഷൻ പൂർത്തിയാക്കി. ഗംഭീരവിജയം. ബാലൻ അദ്ഭുതകരമായി രക്ഷപ്പെട്ടു.

തികഞ്ഞ സംതൃപ്തിയും സന്തോഷവും ഉള്ളിലടക്കി ഡോക്ടർ ബൽരാജ് അല്പനിമിഷം നിന്നു. എന്നിട്ടു സ്വയം മനസ്സിൽ പറഞ്ഞു: I saw Jesus in his heart. "സത്യമായും ഈ കുഞ്ഞിന്റെ ഹൃദയത്തിൽ ഞാൻ യേശുവിനെ കണ്ടു."

■

---

27 കുടുംബവിളക്ക്

# അന്നം



ഫാ. തോമസ് പാട്ടത്തിൽചിറ CMF

അന്നത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. ഭക്ഷണം ശരീരത്തിന്റെ രക്ഷണമാണ്. ആഹാരം ആകാശത്തുനിന്നു വീഴുന്ന ഒന്നല്ല. വിയർപ്പിന്റെ വിലയാണത്. കുടുംബത്തിലെ ആരുടെയെങ്കിലുമൊക്കെ കഠിനാധ്വാനത്തിന്റെ ഫലമാണത്. ആകയാൽ, ആഹാരത്തെയും അത് അനുവദിച്ച ദൈവത്തെയും ആദരിക്കണം. ഭക്ഷണത്തിനുമുമ്പും പിമ്പും അന്നദാതാവായ ദൈവത്തെ അനുസ്മരിച്ച് അല്പസമയം പ്രാർഥിക്കുന്നത് അത്യുത്തമമാണ്.

ആഹാരവും ആരോഗ്യവും അഭേദ്യമായി ബന്ധപ്പെട്ടവയാണ്. ആഹാരം ആരോഗ്യത്തിന് ആവശ്യമാണ്. ആരോഗ്യമുണ്ടെങ്കിലേ ആഹാരം സമ്പാദിക്കാൻ സാധിക്കുകയുള്ളൂ. ഭക്ഷണം പാഴാക്കൽ പട്ടിണിപ്പാവങ്ങളോടു കാട്ടുന്ന ഏറ്റവും വലിയ അനീതിയാണ്. ഒരു തരിപോലും താഴെപ്പോകാതെ സൂക്ഷിക്കണം. അതുപോലുമില്ലാത്ത ഒട്ടിയ വയറുകൾ വീടിനു വെളിയിലുണ്ടെന്ന ഓർമ വേണം. കുടുംബാംഗങ്ങൾ കഴിവതും എല്ലാവരും ദിവസം ഒരു നേരമെങ്കിലും ഒരുമിച്ചിരുന്നു ഭക്ഷിക്കേണ്ടത് ആവശ്യമാണ്. അത് അവരുടെ ഒരുമയുടെ വലിയ അടയാളമാണ്. കുടുംബം ഒരു കൂട്ടായ്മയാണ്. ഓരോരുത്തരും സൗകര്യമുള്ളപ്പോൾ വന്നു കഴിച്ചുപോകുന്ന തട്ടുകടയോ ഹോട്ടലോ അല്ല ക്രിസ്തീയകുടുംബം. ടെലിവിഷന്റെ റിമോട്ട് കൺട്രോളും മൊബൈൽ ഫോണുമൊക്കെ ഭക്ഷണവേളയിൽ മാറ്റിവയ്ക്കുക.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ആരു വന്നാലും എഴുന്നേറ്റ് ബഹുമാനിക്കുകയോ അഭിവാദനം ചെയ്യുകയോ വേണ്ടാ. അവരെക്കാളൊക്കെ ആദരണീയമായത് നമ്മുടെ ജീവൻ നിലനിർത്തുന്ന ഭോജനമാണ്. അതുപോലെതന്നെ, ഭോജനസമയത്ത് മറ്റാവശ്യങ്ങൾക്കായി എഴുന്നേറ്റുപോകാതിരിക്കുക. അന്നത്തെ അനാഥമാക്കരുത്. വിളമ്പിവയ്ക്കപ്പെടുന്നവയെപ്പറ്റിയുള്ള പരാതികൾ കഴിവതും ഒഴിവാക്കുക. ഇഷ്ടപ്പെടാത്തതു വലിച്ചെറിയുക, പാതിയാക്കിയിട്ടു പോകുക, വാശിപിടിച്ചു പട്ടിണി കിടക്കുക എന്നിവയൊക്കെ ഉപേക്ഷിക്കേണ്ട ദുശ്ശീലങ്ങൾതന്നെയാണ്. ആവശ്യത്തിനുമാത്രം കഴിക്കുക. അമിതാഹാരവും ആർത്തിയും ഒഴിവാക്കണം. അവ രണ്ടും ആരോഗ്യത്തിനു ഉപകരിക്കില്ല. അതുപോലെ, ആഹാരകാര്യത്തിലുള്ള അമിതച്ചെലവും ആർഭാടവും അപരാധങ്ങൾതന്നെയാണ്. കഴിക്കാനുപയോഗിക്കുന്ന പാത്രങ്ങൾ വെടിപ്പായി സൂക്ഷിക്കണം. അധ്വാനവിലയായ അന്നം പാകപ്പെടുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന പവിത്രമായ ഇടമാണ് അടുക്കള. അവിടം അടുക്കും വൃത്തിയുമുള്ളതാക്കി സൂക്ഷിക്കണം.

*"അന്നന്നു വേണ്ടുന്ന ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ." (ലൂക്കാ 11:3)*




**മാർച്ച് 17**
**നോമ്പുകാലം**
**ആറാം ഞായർ**

**നിയ 8:1–10**
**2 മക്ക 6:18–31**
**1 പത്രോ 4:12–19**
**മർക്കോ 8:31–9:1**

# കുരിശിന്റെ വഴിയേ



ഫാ. ഡോ. തോമസ് വടക്കേൽ

**നോ**മ്പുകാലം ആറാം ഞായറാഴ്ചയിലെ വചനവായനകളുടെയെല്ലാം പ്രധാന പ്രമേയം സഹനമാണ്. ഒന്നാം വായനയിൽ (നിയ. 8:1–10) ഇസ്രയേൽജനത്തിനു മരുഭൂമിയിൽ നേരിടേണ്ടിവന്ന സഹനങ്ങളെക്കുറിച്ചും; രണ്ടാം വായനയിൽ (2 മക്ക. 6:18–31) കർത്താവിനോടുള്ള ഭക്തിയാൽ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി സഹനങ്ങൾ ഏറ്റെടുക്കുന്ന എലെയാസറിനെക്കുറിച്ചും; മൂന്നാംവായനയിൽ (1 പത്രോ. 4:12–19), ക്രിസ്ത്യാനിയെന്ന നിലയിൽ ഒരുവൻ പീഡിപ്പിക്കപ്പെടുമ്പോൾ സ്വീകരിക്കേണ്ട സഹനമനോഭാവത്തെക്കുറിച്ചും; നാലാം വായനയിൽ (മർക്കോ. 8:31–9:1), ഈശോമിശിഹായുടെ പീഡാസഹന, മരണോത്ഥാന രഹസ്യങ്ങളെക്കുറിച്ചുള്ള ഒന്നാം പ്രവചനത്തെക്കുറിച്ചും നാം ശ്രവിക്കുന്നു. ജീവിതസഹനങ്ങളെ എപ്രകാരം കാണണമെന്ന് ഈ വചനഭാഗങ്ങൾ വായനക്കാരനെ പഠിപ്പിക്കുന്നു.

**നിയമാവർത്തനം 8:1–10:** 'മോശയുടെ അഞ്ചാംപുസ്തകം' എന്ന പേരിൽ അറിയപ്പെടുന്ന നിയമാവർത്തനപ്പുസ്തകം ഇസ്രയേൽ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ വിശകലനമാണ്. മോശ ഇസ്രയേൽജനത്തോടു പറയുന്ന പ്രഭാഷണരൂപത്തിലുള്ള ഉള്ളടക്കം ഇസ്രയേലിന്റെ ജീവിതത്തെത്തന്നെ വരച്ചുകാട്ടുന്നു. ഇന്നത്തെ വായനയിൽ നാം ശ്രവിക്കുന്നത് ഇസ്രയേൽജനം മരുഭൂമിയിൽ ചെലവഴിച്ച നാല്പതു വർഷത്തെ അനുഭവങ്ങളെ ദൈവശാസ്ത്രപരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുന്നതാണ്.

ഇസ്രയേലിന്റെ ജീവിതത്തിലെ പരമപ്രധാനമായ കാര്യങ്ങളിലൊന്ന് കർത്താവിന്റെ പ്രമാണങ്ങളായിരുന്നു. 'പ്രമാണം, കല്പന' എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ മിത്സ്വാ (mitsvah) എന്ന പദം സൂചിപ്പിക്കുന്നത് ദൈവികപ്രമാണങ്ങളെയാണ്. ഈ കല്പനകൾ പാലിച്ചാൽ ഇസ്രയേൽമക്കളുടെ ജീവിതത്തിൽ ചില അനുഗ്രഹങ്ങൾ സംജാതമാകും: 1. അവർ ജീവിച്ചിരിക്കും 2. എണ്ണത്തിൽ വർധനയുണ്ടാകും; 3. കാനാൻദേശത്തു പ്രവേശിച്ച് അത് അവകാശമാക്കും (8:1). മോശ നൽകിയ കല്പനകളെല്ലാം ദൈവികകല്പനകളാണ്. അവയോടുള്ള അനുസരണവും വിധേയത്വവും അനുഗ്രഹദായകമാണ്.

ഇസ്രയേൽജനത്തിനു നാല്പതു സംവത്സരങ്ങൾ മരുഭൂമിയിലൂടെ യാത്ര ചെയ്യേണ്ടതായിവന്നു. അതു സഹനങ്ങളുടെയും നിസ്സഹായാവസ്ഥയുടെയും യാത്രയായിരുന്നു. ഇത്തരത്തിലുള്ള സഹനയാത്രയ്ക്കുപിന്നിൽ വിവിധ ദൈവികപദ്ധതികളുണ്ടായിരുന്നുവെന്നാണ് മോശയുടെ ഭാഷ്യം. 1. സ്വന്തം ശക്തിയിൽ ആശ്രയിക്കുന്നതിനുപകരം കർത്താവിൽ ആശ്രയിക്കണമെന്നു പഠിപ്പിക്കാൻ 2. തങ്ങളെത്തന്നെ ദൈവതിരുമുമ്പിൽ എളിമപ്പെടുത്താൻ 3. കർത്താവിനോട് അവിശ്വസ്തരാകുമ്പോൾ, അനുസരണക്കേടു കാട്ടുമ്പോൾ ക്ലേശങ്ങൾ സ്വയം വരുത്തിവയ്ക്കുന്നുവെന്നു കാണിച്ചുകൊടുക്കാൻ 4. ഭൗതികമായ ഭക്ഷണംകൊണ്ടുമാത്രമല്ല, ദൈവവചനംകൊണ്ടാണ് മനുഷ്യൻ യഥാർഥത്തിൽ ജീവിക്കുന്നതെന്നു മനസ്സിലാക്കിക്കൊടുക്കാൻ 5. ഒന്നും തങ്ങൾക്ക് അവകാശപ്പെട്ടതല്ലെന്നും; മറിച്ച്, എല്ലാം ദൈവത്തിന്റെ ദാനമാണെന്നും പഠിപ്പിക്കാൻ.

ദൈവജനത്തിന്റെ ജീവിതത്തിന്റെ ശൈലി എപ്രകാരമായിരിക്കണമെന്നും മോശ ഓർമിപ്പിക്കുന്നുണ്ടിവിടെ. 1. ദൈവമായ കർത്താവിന്റെ മാർഗത്തിലൂടെ ചരിക്കണം 2. അവിടുത്തെ ഭയപ്പെടണം 3. കർത്താവിന്റെ കല്പനകൾ പാലിക്കണം (8:6). ദൈവത്തിൽ ആശ്രയിക്കുന്നവന് ഒന്നിനും കുറവുണ്ടാവുകയില്ല.

ദൈവത്തിൽ ആശ്രയിക്കുന്നവനു ജീവിതത്തിൽ തൃപ്തി ലഭിക്കുമ്പോൾ അവൻ ദൈവമായ കർത്താവിനെ സ്തുതിക്കണം (8:10). 'സ്തുതിക്കുക, മുട്ടുകുത്തുക' എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ 'ബറക്' എന്ന പദം സൂചിപ്പിക്കുന്നത് ദൈവമക്കൾക്കുണ്ടായിരിക്കേണ്ട നന്ദിയുടെ ഭാവത്തെയാണ്.

**2 മക്കബായർ 6:18–31:–** ഇസ്രയേൽ ജനത്തിനു മതമർദനങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. അവരുടെ വിശ്വാസങ്ങളും പ്രമാണങ്ങളുമൊക്കെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഏറെ സഹനങ്ങളും ക്ലേശങ്ങളും അവർ നേരിടേണ്ടതായിവന്നിട്ടുണ്ട്. എങ്കിലും ഏറെപ്പേർ വിശ്വാസസംരക്ഷണത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച് കർത്താവിനുവേണ്ടി നിലകൊള്ളുകയും, വിജാതീയവിശ്വാസങ്ങൾക്കും അധികാരങ്ങൾക്കും കീഴ്പ്പെടാതിരിക്കുകയും ചെയ്തു. എലെയാസർ അതിന് ഒരു ഉത്തമോദാഹരണമാണ്.

'ദൈവം സഹായിച്ചു' എന്നർഥം വരുന്ന പേരോടുകൂടിയ എലെയാസർ ഉന്നതസ്ഥാനീയനായ ഒരു നിയമജ്ഞനും കുലീനനും വയോധികനുമായ ഒരു യഹൂദനായിരുന്നു. യഹൂദനിയമത്തിലും ദൈവശാസ്ത്രത്തിലും അഗാധപാണ്ഡിത്യമുള്ള വ്യക്തിയായിരുന്നതിനാൽ അദ്ദേഹത്തെ 'ഗ്രമാത്തെയൂ' എന്നാണു വിളിച്ചിരുന്നത്. ജീവിതപക്വതയുള്ളവനായിരുന്നു എലെയാസർ. 'ഹെലികിയാ' എന്ന ഗ്രീക്കുപദം അദ്ദേഹത്തിന്റെ പ്രായപക്വതയെയും വിശ്വാസപക്വതയെയും സ്വഭാവസമഗ്രതയെയും ആർജവത്തെയും കുറിക്കുന്നു.

കാപട്യത്തിന്റെ അഭിനയജീവിതംവഴി മനുഷ്യശിക്ഷയിൽനിന്ന് ഒഴിവാകാമെങ്കിലും സർവശക്തനായ ദൈവത്തിന്റെ മുമ്പിൽ വിശ്വാസത്തോടെ ജീവിച്ചു നിത്യരക്ഷ നേടാൻ ആർജവം കാണിച്ചയാളാണ് എലെയാസർ (8:26). സംപൂജ്യവും വിശുദ്ധവുമായ നിയമത്തിനുവേണ്ടി സ്വമനസ്സാലെ ശ്രേഷ്ഠമരണം വരിക്കാൻ തയ്യാറായിക്കൊണ്ട് വിശ്വാസത്തിന്റെ മാതൃക എല്ലാവർക്കും കാണിച്ചുകൊടുത്തവനാണ് എലെയാസർ (8:28). ശക്തമായ പ്രഹരത്തിൽ ശരീരം വേദനിച്ചെങ്കിലും കർത്താവിനോടുള്ള ഭക്തിയാൽ അതു സഹിച്ചവനാണ്, ആത്മാവിൽ സന്തോഷിച്ചവനാണ് എലെയാസർ (8:3). അത് അവന് നിത്യരക്ഷ സമ്മാനിച്ചു.

**1 പത്രോസ് 4:12–19:** പത്രോസ് ശ്ലീഹായുടെ ഒന്നാമത്തെ ലേഖനത്തിന് പ്രധാനമായും മൂന്നു ഭാഗങ്ങളാണുള്ളത്. 1. ക്രിസ്തീയവിളിയുടെ ശ്രേഷ്ഠതയും കടമയും (1:3–2:10); 2. ക്രിസ്തീയ പെരുമാറ്റവും കടമകളും (2:11–3:12); 3. ക്രിസ്ത്യാനികളും പീഡനങ്ങളും (3:13–5:1). ഈ മൂന്നു ഭാഗങ്ങളിൽ മൂന്നാമത്തെ തലത്തിൽ ക്രിസ്ത്യാനികൾ എങ്ങനെ പീഡനങ്ങളോടു പ്രതികരിക്കണമെന്നും (3:13–4:11); സഹനങ്ങളെ എങ്ങനെ യാഥാർഥ്യബോധത്തോടെ നേരിടണമെന്നും (4:12–5:11) പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നു. സഹനമെന്ന സമസ്യയെക്കുറിച്ചും, സഹനങ്ങളിൽ വിശ്വാസി സ്ഥിരതയോടെ നിൽക്കേണ്ടതിനെക്കുറിച്ചും ഇന്നത്തെ വചനഭാഗത്ത് ശ്ലീഹാ പങ്കുവയ്ക്കുന്നു.

ക്രിസ്തീയജീവിതത്തിൽ വിശ്വാസികൾക്കു വിവിധ തരത്തിലുള്ള പരീക്ഷകളുണ്ടാകുമ്പോൾ അവർ പരിഭ്രമിക്കരുത്. 'പരിഭ്രാന്തനാവുക, ആശ്ചര്യഭരിതനാവുക' എന്നീയർഥങ്ങൾ വരുന്ന ഗ്രീക്കുഭാഷയിലെ 'ക്സെനിക്സോ' എന്ന ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (4:12). ക്രിസ്ത്യാനികൾ സഹനം നേരിട്ടവന്റെ മക്കളാണെന്നും, സഹനങ്ങൾ ഏറ്റെടുക്കുന്നവരാണെന്നും, ക്രിസ്തീയകൂട്ടായ്മയിൽ സഹനങ്ങൾ ഉണ്ടാകുമെന്നും അതിനാൽ ആരും വിജാതീയരെപ്പോലെ പരിഭ്രമം കാണിക്കുന്നവരാകരുതെന്നുമുള്ള ആഹ്വാനമാണിത്.

ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോൾ അത് ഈശോമിശിഹായുടെ പീഡാസഹനങ്ങളിലുള്ള നമ്മുടെ പങ്കുചേരലാണ് (4:13). 'കൂട്ടായ്മ, പങ്കാളിത്തം' എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ 'കൊയ്നോനെയോ' എന്ന ക്രിയാപദമാണ് ഇവിടെ ശ്ലീഹാ ഉപയോഗിച്ചിരിക്കുന്നത്. ഈശോയുടെ സഹനങ്ങൾ വിശ്വാസിയുടെ സഹനങ്ങൾക്കു മാതൃകയാണ്.

ഈശോയുടെ നാമത്താൽ നിന്ദിക്കപ്പെടുന്നവർ ഭാഗ്യവാന്മാരാണ് (4:14). കാരണം, അവരിൽ മഹത്വത്തിന്റെ ആത്മാവ്, ദൈവാത്മാവ് വസിക്കുന്നു. 'അനുഗ്രഹിക്കപ്പെട്ടവൻ' എന്നർഥം വരുന്ന 'മക്കാരിയോയി' എന്ന പദം യുഗാന്ത്യമാനമുൾക്കൊള്ളുന്നതാണ്. "നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:10).

**മർക്കോസ് 8:31–9:1:** ആരാണ് മിശിഹാ എന്നതിനെക്കുറിച്ച് ശരിയായ ഒരു ധാരണ തന്റെ ശിഷ്യന്മാർക്കു നൽകുവാൻ ഈശോ പരിശ്രമിക്കുകയാണ് ഈ വചനഭാഗത്ത്. സമയത്തിന്റെ പൂർത്തിയിൽ മഹിമപ്രതാപങ്ങളോടെ വരാനിരിക്കുന്ന രാജാവായ മിശിഹായെക്കുറിച്ചുള്ള ശിഷ്യന്മാരുടെ പൊതുധാരണ മാറ്റി, മിശിഹാ സഹനദാസനാണെന്ന് ഈശോ ഇവിടെ പഠിപ്പിക്കുന്നു. പീഡാനുഭവത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും ഈശോ നടത്തുന്ന മൂന്നു പ്രവചനങ്ങളിൽ ഒന്നാമത്തേതാണിത് (8:31–33). ഇതേത്തുടർന്ന് ശിഷ്യത്വം ആവശ്യപ്പെടുന്ന സഹനങ്ങളെക്കുറിച്ചും ഇന്നത്തെ വായനയിൽ ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുന്നുണ്ട് (8:34–9:1).



പീഡാനുഭവപ്രവചനത്തിൽ ഈശോ 'മനുഷ്യപുത്രൻ' എന്ന പദമാണ് തനിക്കുവേണ്ടി ഉപയോഗിക്കുന്നത്. ദൈവികാധികാരത്തെ സൂചിപ്പിക്കുന്ന ഇടങ്ങളിലും (2:10;2:28) പീഡാസഹനവുമായി ബന്ധപ്പെടുത്തി സംസാരിക്കുന്ന തലത്തിലും ഈ പദം ഈശോ ഉപയോഗിക്കുന്നു. മനുഷ്യപുത്രനായ ഈശോ ഒരേസമയം ദൈവമാണെന്നും സഹിക്കുന്നവനും മരിക്കുന്നവനും ആണെന്ന വസ്തുത ഈശോ ശിഷ്യന്മാർക്കു പകർന്നുൽകുകയാണ്. കൂടാതെ, 'ബാർനാഷ്' എന്ന അറമായപദം (മനുഷ്യപുത്രൻ എന്നർഥം) ഒരാളുടെ എളിമയെയും, വിനയത്തെയും സൂചിപ്പിക്കാനായി "ഞാൻ" എന്ന വാക്കിനു പകരമായി ഉപയോഗിക്കുന്ന രീതി ഗലീലിയിലും പാലസ്തീനായിലും ഉണ്ടായിരുന്നു. 'മനുഷ്യപുത്രൻ' എന്ന ഈശോയുടെ പ്രയോഗം അവിടുത്തെ വിനയഭാവത്തെയും സൂചിപ്പിക്കുന്നുണ്ട്. അതു രാജാവിന്റെ അധികാരഭാവമല്ല.

മനുഷ്യപുത്രൻ സഹനങ്ങൾ ഏറ്റെടുക്കണം; തിരസ്കരണങ്ങൾ നേരിടണം; വധിക്കപ്പെടണം – ഇത് മാനുഷികതലങ്ങളാണ്. എന്നാൽ, മനുഷ്യപുത്രൻ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു – ഇതു ദൈവികതലമാണ്. ഈ തലങ്ങളെല്ലാം ദൈവികപദ്ധതതിയുടെ ഭാഗമാണ്. പൂർത്തീകരിക്കപ്പെടേണ്ട കാര്യങ്ങളാണിവയെല്ലാം. 'ചെയ്യേണ്ടിയിരിക്കുന്നു' എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ 'ദെയ്' എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പീഡാനുഭവ മരണ ഉത്ഥാന സംഭവങ്ങൾ സംഭവിക്കേണ്ട ദൈവികപദ്ധതിയുടെ ഭാഗങ്ങളാണെന്നാണതിന്റെ സൂചന. ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ ഈശോ 'സഹനദാസനാണ്' (ഏശയ്യാ 52:13–53:12). ക്രിസ്തീയശിഷ്യത്വം സ്വീകരിക്കുന്നവർക്കു വെല്ലുവിളികൾ നേരിടേണ്ടതുണ്ടെന്ന സത്യവും ഈശോ എല്ലാവരെയും പഠിപ്പിക്കുന്നു: സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് മരണംവരെ ഈശോയെ പിന്തുടരാൻ കഴിയുന്നവർക്കുമാത്രമേ യഥാർഥ ശിഷ്യരായിരിക്കാൻ സാധിക്കുകയുള്ളൂ.

■

# അരയന്നങ്ങളുടെ നാട്



പ്രൊഫ. റോസിലിന്റ് ജോർജ്

**അ**മ്മ കുഴച്ചുവച്ച അരിമാവിൽനിന്ന് ഇത്തിരിയെടുത്ത് ആ ഏഴാം ക്ലാസുകാരി ഒരു അരയന്നത്തെ ഉണ്ടാക്കി. ഇതു കണ്ട അമ്മ അരിശത്തോടെ 'ഇലയടയുണ്ടാക്കാൻ വച്ച അരിമാവെടുത്താണോ കളിക്കുന്നത്' എന്നു ചോദിച്ച്, യാതൊരു ദാക്ഷിണ്യവുമില്ലാതെ അരയന്നത്തിന്റെ ചിറകും കാലുമൊക്കെ ഉടച്ച് ഒരു ഉരുളയാക്കി മാറ്റിവച്ചു. അട ഉണ്ടാക്കാൻ വേഗം ഇലകളൊക്കെ തുടച്ചു വയ്ക്ക് എന്ന പണിയും കിട്ടി. ഒരു കിലോ മീറ്റർ മാത്രം ദൂരമുള്ള മഠംവക സ്കൂളിൽ നിന്നു നല്ല മാർക്കോടെയാണ് പെൺകുട്ടി പത്താംതരം പാസ്സായത്. അധ്യാപകരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി വീട്ടിലെത്തി അപ്പനെയും അമ്മയെയും എസ്.എസ്.എൽ.സി. ബുക്ക് കാണിച്ചപ്പോൾ വലിയ തെളിച്ചമൊന്നും അവരുടെ മുഖത്തു കണ്ടില്ല. അത്താഴം കഴിക്കുന്നതിനിടെ അമ്മ അപ്പനോടു ചോദിക്കുന്നതു കേട്ടു: പെണ്ണിന്റെ കാര്യം ഇനി എങ്ങനാ? "ഒരു വർഷം വീട്ടിൽ നില്ക്കട്ടെ, പതിനേഴാകുമ്പോഴേക്കും കെട്ടിച്ചുവിടാം. ഇളയവൻ എട്ടാം ക്ലാസിലല്ലേ. അവനെ കോളജിൽ ചേർത്തുപഠിക്കണം. പെണ്ണിനെ പഠിപ്പിച്ചിട്ടെന്താ കാര്യം?" തന്റെ സ്വപ്നങ്ങളുടെ ചിറകൊടിയുന്നതു പെൺകുട്ടി മനസ്സിലാക്കി. 1980 കളിലെ ഒരു പെണ്ണിനു മറുത്തു പറയാനുള്ള അവകാശമോ കെല്പോ ഉണ്ടായിരുന്നില്ല.

കാലമധികം കഴിഞ്ഞില്ല, വിവാഹദല്ലാൾ എന്ന പേരിൽ മിക്കവാറും ഒരാൾ വീട്ടിൽ വരുന്നതു കണ്ടു. തന്നെ തൂക്കിവില്ക്കുന്നതിന്റെ അളവുകോൽ മിക്കവാറും കേട്ടുകൊണ്ടിരുന്നു. ഒരു ദിവസം പെണ്ണുകാണൽ എന്ന ചടങ്ങിനുവേണ്ടി ഏതാനും പേർ വീട്ടിലെത്തി. ഇതിൽ ആരാണ് തന്നെ കല്യാണം കഴിക്കാൻ പോകുന്നതെന്നുപോലും മനസ്സിലായില്ല. അവർ പോയിക്കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു: ചെറുക്കന് ഇത്തിരി കഷണ്ടി ഉണ്ടെന്നേയുള്ളൂ; നല്ല ആരോഗ്യവാനാണ്. കുടുംബമൊക്കെ ചേരും. കല്യാണച്ചെക്കന്റെ വീടു കണ്ടുവന്ന അമ്മാവന്മാരും ഇളയമ്മയുമൊക്കെ നല്ല അഭിപ്രായം പറഞ്ഞു; തൊഴുത്തിൽ മൂന്നു പശുക്കൾ. മുറ്റം നിറയെ ഓടിനടക്കുന്ന കോഴികൾ, വിറകുപുരയാണെങ്കിൽ ഒരു ചെറിയ വീടിന്റെ വലുപ്പം വരും. ചെലവിനുള്ള നെല്ല്. നാളികേരം വില്ക്കാനുണ്ട്. കുറച്ചു റബറും. പിന്നെ എന്താ കുഴപ്പം? പയ്യൻ ഒമ്പതാംക്ലാസു വരെ പഠിച്ചിട്ടുണ്ടത്രേ. അല്ലെങ്കിൽത്തന്നെ പഠിച്ചിട്ടെന്താ കാര്യം! ജീവിക്കാൻ വകയുണ്ടല്ലോ.

പുതിയ വീട്ടിൽ പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ പെൺകുട്ടി പരിശ്രമിച്ചു. ഭർത്തൃമാതാവിന്റെ നിർദേശമനുസരിച്ചുള്ള ജോലികൾ, അടുക്കളപ്പണിക്കു പുറമേ സമ്പത്തിന്റെ ആധാരമായി കണ്ടിരുന്ന മൂന്നു പശുക്കളെ കുളിപ്പിക്കൽ, തൊഴുത്തു വൃത്തിയാക്കൽ, കോഴികളുടെ എണ്ണം തിട്ടപ്പെടുത്തി കോഴിക്കൂട് അടയ്ക്കൽ, വിശാലമായ മുറ്റമടിക്കൽ, ഉച്ചയൂണിനുശേഷം എല്ലാവരുമൊന്നു മയങ്ങുന്ന നേരത്ത് വിറകുപുരയിൽ വിറകു ശേഖരിച്ചുവയ്ക്കൽ, ഇതെല്ലാം അവളുടെ ജോലിതന്നെ. എങ്കിലും, ഇത്തിരി നേരം കിട്ടിയാൽ വീട്ടിൽ വരുത്തിയിരുന്ന പത്രം വായിക്കാൻ, വല്ലപ്പോഴും കിട്ടിയിരുന്ന മാസികകൾ വായിക്കാൻ അവൾ ഉത്സാഹം കാട്ടിയിരുന്നു. ഇതിനിടയിൽ ഗർഭവതിയായി. ഒരു ഗർഭിണി അനുഭവിക്കുന്ന വേദനയോ യാതനയോ ഒന്നും ആരും കണ്ടില്ല. ആദ്യത്തെ കൺമണി പെണ്ണാണെന്നറിഞ്ഞപ്പോൾ ഭർത്തൃമാതാവിനും എന്തിന് ഭർത്താവിനുപോലും മുഖത്തു സന്തോഷം കണ്ടില്ല. രണ്ടാമത്തെ കുഞ്ഞ് ആണാണെന്നറിഞ്ഞപ്പോൾ അവരുടെ മുഖം സന്തോഷംകൊണ്ടു വിളങ്ങി. പാരമ്പര്യം നിലനിർത്താൻ മകനുണ്ടായിരിക്കുന്നു. മൂന്നാമത്തെ കുട്ടിയും പെൺകുട്ടിയായപ്പോൾ രണ്ടാമതുണ്ടായത് മകനാണല്ലോ എന്നോർത്ത് അവർ ആശ്വസിച്ചു.

തന്റെ മകൾ എട്ടാംക്ലാസിൽ പഠിക്കുമ്പോഴാണ് ചപ്പാത്തി ഉണ്ടാക്കാൻ കുഴച്ചുവച്ചിരുന്ന ഗോതമ്പുമാവിൽനിന്നു കുറച്ചെടുത്ത് അവൾ പല്ലിയെയും പാറ്റയെയുമൊക്കെ ഉണ്ടാക്കി കളിച്ചത്. താൻ അരയന്നത്തെ ഉണ്ടാക്കിക്കളിച്ചതും അമ്മ അതിന്റെ ചിറകരിഞ്ഞതും ഒക്കെ പെട്ടെന്ന് ഓർമയിലേക്കു വന്നു. തനിയാവർത്തനം പാടില്ല. തന്റെ സ്വപ്നങ്ങളുടെ ചിറകൊടിച്ചതുപോലെ തന്റെ മകൾക്കു സംഭവിക്കാൻ പാടില്ല. മകളുണ്ടാക്കിയ പല്ലിയെക്കണ്ട് എത്ര നന്നായിരിക്കുന്നു; മോൾ മിടുക്കിയാണ് എന്നു പറഞ്ഞ് അവളെ അഭിനന്ദിച്ചു. അഭിനന്ദനം ആസ്വദിച്ചുകൊണ്ട് അടുത്ത ജീവിയെ ഉണ്ടാക്കാൻ തുടങ്ങുമ്പോഴാണ് അമ്മ അവളെ ഓർമിപ്പിച്ചത്; മോളെന്തിനാണ് നിലത്തൂടെ ഇഴയുന്ന പല്ലിയെയും പാറ്റയെയുമൊക്കെ ഉണ്ടാക്കുന്നത്; വൃത്തിയും വെടിപ്പുമുള്ള വളരെ ദൂരെ പറക്കാൻ കഴിവുള്ള അരയന്നങ്ങളെ ഉണ്ടാക്കിക്കൂടെ എന്ന്. ഉടനെ അവൾ ചെറിയ ക്ലാസിൽ പഠിച്ചിരുന്നപ്പോൾ കണ്ടിരുന്ന അരയന്നത്തിന്റെ ചിത്രം ഓർമയിലേക്കു വിളിച്ചുവരുത്തി ഭംഗിയുള്ള ഒരു അരയന്നത്തിനു ഗോതമ്പുമാവുകൊണ്ടു രൂപംകൊടുത്തു. അതു കണ്ട അമ്മയുടെ കണ്ണുനിറയുകയും സ്നേഹത്തോടെ അവളെ ആശ്ലേഷിക്കുകയും ചെയ്തു.

അമ്മ എന്തിനാണു കരയുന്നത് എന്നു ചോദിച്ചപ്പോൾ പഴയകാലത്തെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചും നടക്കാതെ പോയ സ്വപ്നങ്ങളെക്കുറിച്ചുമൊക്കെ വിവരിച്ചുകൊടുത്തു. ഇന്ന് എത്രമാത്രം മാറ്റം വന്നിരിക്കുന്നു. ഒരു സ്ത്രീ സമൂഹത്തിന്റെയും കുടുംബത്തിന്റെയുമൊക്കെ ഭാഗമായതെങ്ങനെ എന്നു മനസ്സിലാക്കിക്കൊടുക്കാൻ എവിടെയോ വായിച്ച ഒരു കഥ അമ്മ പറഞ്ഞുകൊടുത്തു. ഒരു കഴുതയുടെയും യജമാനന്റെയും കഥ. കഴുതയ്ക്കൊന്നുമറിയില്ലായിരുന്നു; യജമാനന്റെ ഭാണ്ഡം ചുമന്നുകൊണ്ടു നടക്കുക. എന്നും രാവിലെ ഭാണ്ഡക്കെട്ടു പുറത്തുവയ്ക്കും; പട്ടണത്തിലേക്കു കൊടുംവെയിലത്തുള്ള യാത്ര: സന്ധ്യയ്ക്കു തിരിച്ചുവരും. തിന്നാനെന്തെങ്കിലും തരും. പിറ്റേന്നും ഇങ്ങനെതന്നെ. വർഷങ്ങൾ കടന്നുപോയി. കഴുതയ്ക്കു പ്രായമായി. പണിയാൻ കഴിയാത്ത കഴുതയെ എങ്ങനെ ഒഴിവാക്കും. യജമാനൻ ഭൃത്യരോടായി പറഞ്ഞു നമ്മുടെ പറമ്പിന്റെ കിഴക്കായി ഒരു പൊട്ടക്കിണറുണ്ട്; കഴുതയെ അതിലേക്കു തള്ളിയിട്ട് മണ്ണുകൊണ്ടു മൂടിയേക്കുക. പൊട്ടക്കിണറ്റിൽ വീണ കഴുത ഉറക്കെ ഉറക്കെ കരഞ്ഞു. ആരു കേൾക്കാൻ? എന്നാൽ, തനിക്കു മീതേ വീഴുന്ന മൺകൂമ്പാരങ്ങൾ ചവിട്ടുപടികളാക്കി കഴുത മുകളിലേക്ക് ഉയർന്നുയർന്നു വന്നു. അവസാനം, മൺകൂന കരയ്ക്കൊപ്പമെത്തിയപ്പോൾ കഴുത അതിൽ കയറി കരയിലേക്കെടുത്തു ചാടി. സ്ത്രീകളുടെ കാര്യവും ഇങ്ങനെതന്നെ. ഒരുപാടു കഷ്ടപ്പാടും പ്രതിസന്ധികളുമൊക്കെ ചവിട്ടുപടികളാക്കി ഉയർന്നുവന്നവർ.



അമ്മ പറഞ്ഞ കഥ തെല്ലൊന്നുമല്ല കുട്ടിയെ സ്വാധീനിച്ചത്, അമ്മേ ഞാൻ മിടുക്കിയായി പഠിച്ചുയരും. അറിവും വിജ്ഞാനവുമാണ് യഥാർഥശക്തി; അവൾക്കേ സ്വയംപര്യാപതത കണ്ടെത്താനാവൂ; അവളുടെ വാക്കിനേ വിലയുണ്ടാവൂ, തീരുമാനങ്ങളെടുക്കാനുള്ള ശക്തിയുണ്ടാവൂ.

കരയുന്ന പെണ്ണ് എന്നതിനെക്കാൾ വിവേകമുള്ളവളായി, അന്തർമുഖിയെക്കാൾ പ്രതികരണശേഷിയുള്ളവളായി, സൗന്ദര്യത്തെക്കാളുപരി സ്മാർട്ടായി, ശാലീനതയെക്കാൾ ശക്തിയുള്ളവളായി, പാവം എന്നതിനെക്കാൾ മിടുക്കിയായി, സീരിയലും നീണ്ട കഥയുമൊക്കെ വായിച്ചും കണ്ടും സമയം കളയാതെ, വാർത്തകളും സംവാദങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളുമൊക്കെ വായിക്കുന്നവളായി ഒരു പെണ്ണ് ഉയരുമ്പോഴാണവൾ ബഹുമാനിക്കപ്പെടുന്നത്. ഭൂമിയിൽ പിറന്ന ഏതൊരാളെയും പോലെ വിലയുള്ള ഒരു കൈയൊപ്പിടാനാണ് ഏതൊരു സ്ത്രീയും പിറന്നിരിക്കുന്നത്. അവൾക്കും ദൈവം നല്കിയിട്ടുണ്ട് മറ്റാർക്കും അവകാശപ്പെടാനാവാത്ത ഒരു പെരുവിരലടയാളം. സ്ത്രീയുടെ സ്വപ്നങ്ങൾക്കു ചിറകു മുളപ്പിക്കേണ്ടത് അവൾ തന്നെയാണ്.

എങ്കിലും, ഒന്നോർക്കുക; സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക്. അമ്മ എന്ന സ്ത്രീക്കു ചുറ്റുമാണ് കുടുംബത്തിന്റെ ചക്രങ്ങൾ ഉരുളുക. പാദസരങ്ങളിട്ട പെൺകുട്ടിയുടെ കിളിക്കൊഞ്ചലാണ് ഒരു കുടുംബത്തിന്റെ സൗന്ദര്യം. ഡിഗ്രിയെടുത്ത്, ജോലി കിട്ടി. ശമ്പളമൊക്കെയാവുമ്പോൾ ഇതെല്ലാം മറന്നുപോകുന്ന സ്ത്രീജനങ്ങൾ (കുറച്ചു പേരേ ഉള്ളൂവെങ്കിലും) സ്ത്രീസമൂഹത്തിനുതന്നെ അപമാനമാണ്. തനിക്കു കിട്ടിയ വിദ്യാഭ്യാസവും ജോലിയും സമ്പത്തുമൊക്കെ ഭർത്താവിനോടൊപ്പം നിന്ന് കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നതിക്കായി ഉപയോഗിക്കുമ്പോഴാണ് ഒരു സ്ത്രീയുടെ ജീവിതം ധന്യമാവുക. താഴേക്കു നോക്കി കൃമികളെയും കീടങ്ങളെയും ഞണ്ടിനെയും ഞവളിക്കയെയും ഒക്കെ അകത്താക്കുന്ന വെറും കൊക്കുകളല്ല തങ്ങളെന്നും, ശുദ്ധിയും വൃത്തിയും വെടിപ്പുമുള്ളവയെ മാത്രം ഭക്ഷിച്ച് തളരാതെ വളരെ ദൂരത്തിൽ പറക്കാൻ കഴിയുന്ന സ്നേഹത്തിന്റെ ഹംസങ്ങളാണ് തങ്ങളെന്ന് കുടുംബവും സമൂഹവും രാജ്യവും അംഗീകരിക്കുമ്പോഴാണ് സ്ത്രീ യഥാർഥത്തിൽ ശക്തീകരിക്കപ്പെട്ടവളാകുന്നത്. ■

## ശ്രേഷ്ഠമലയാളം

# ചങ്ങാടം



ഡോ. ഡേവിസ് സേവ്യർ

പോർത്തുഗീസിലെ ജങ്കാട (Jangada)ത്തിൽനിന്നാണ് മലയാളത്തിലെ ചങ്ങാടം നിഷ്പന്നമായതെന്നു ഗുണ്ടർട്ടുനിഘണ്ടു രേഖപ്പെടുത്തുന്നു* പോർത്തുഗീസിൽനിന്നാണ് മലയാളരൂപം ഉണ്ടായതെന്നതിനു ചരിത്രപരമായോ ഭൂമിശാസ്ത്രപരമായോ തെളിവുകളില്ല. പോർത്തുഗീസുമായി മലയാളം പരിചയപ്പെടുന്നതുതന്നെ ക്രിസ്തുവിനുപിമ്പ് 1498 ൽ ആണല്ലോ. മലയാളത്തിലെ ചങ്ങാടത്തിന്റെ പരിണതിയാണ് പോർത്തുഗീസിലെ ജങ്കാടം. സംസ്കൃതത്തിലെ 'സംഘാട'ത്തിന്റെ തദ്ഭവമാകണം മലയാളത്തിലെ ചങ്ങാടം (സംഘാടം - fitting and joining of timber).

ബി.സി. 300 ൽ രചിക്കപ്പെട്ടത് എന്നു കരുതപ്പെടുന്ന വാല്മീകി രാമായണത്തിൽ സംഘാടം എന്ന പദം കാണുന്നുണ്ട്. "ആരോപ്യ സീതാം പ്രഥമം സംഘാടം പരിഗൃഹ്യ/ തതഃ പ്രതേരതുര്യത്തൗ പ്രീതൗ ദശരഥാത്മജൗ' (അയോധ്യാകാണ്ഡം 55-18* എന്ന ശ്ലോകം, സംഘാടമാണ് ചങ്ങാടമായതെന്ന ഊഹത്തെ ബലപ്പെടുത്തുന്നു.

സംഘാടം മലയാളത്തിൽ ചങ്ങാടമായപ്പോൾ എന്തൊക്കെ വികാരങ്ങൾ സംഭവിച്ചു എന്നു നോക്കാം. സംഘാടം - ചംഘാടം (സ-ച) ചംഘാടം - ചങ്ഘാടം (ങ്ഘ) ചങ്ഘാടം - ചങ്ങാടം (ങ്+ങ=ങ്ങ) ചങ്ങാടം (മ-ം). സ - ച വിനിമയവും അനുനാസികത്തിനു പരമായ വ്യഞ്ജനത്തിന് പൂർവസവർണനംകൊണ്ട് അനുനാസികാദേശവും മലയാളത്തിൽ സ്വാഭാവികമാണ്. മകാരവും അനുസ്വാരവും ഭിന്നങ്ങളല്ല എന്ന വസ്തുത സുവിദിതമാണുതാനും.** അങ്ങനെ സംസ്കൃതത്തിലെ സംഘാടം, മലയാളത്തിൽ ചങ്ങാടമായി ഭവിച്ചു. ചങ്ങാടം എന്നെഴുതിയാലും സാധാരണ മലയാളികളുടെ ഉച്ചാരണത്തിൽ 'ചങ്ങാഡം' എന്നായിപ്പോകാറുണ്ട്. അതിനെ വാമൊഴിഭേദമായി കണക്കാക്കിയാൽ മതി. തടികളോ മുളകളോ വള്ളങ്ങളോ മറ്റോ കൂട്ടിക്കെട്ടിയുണ്ടാക്കിയ ജലവാഹനമാണ് ചങ്ങാടം. ഉപയോഗവും നിർമാണരീതിയുമനുസരിച്ച് ചങ്ങാടം പല രൂപത്തിലുണ്ട്. തടിയോ മുളയോ ജലാശയത്തിലൂടെ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനായി കൂട്ടിക്കെട്ടിയത്, മനുഷ്യർക്കും കാലികൾക്കും വാഹനങ്ങൾക്കും ജലാശയങ്ങൾ കടക്കുന്നതിനുവേണ്ടി ഉണ്ടാക്കിയത് തുടങ്ങിയ വിവക്ഷിതങ്ങൾ സന്ദർഭനിഷ്ഠമായി ചങ്ങാടത്തിനും ചേരും.

* ഹെർമൻ ഗുണ്ടർട്ട്, ഡോ., ഗുണ്ടർട്ട് നിഘണ്ടു, എൻ.ബി.എസ്., കോട്ടയം, 2013, പുറം - 339.

** ലീലാവതി എം. ഡോ., ശ്രീമദ് വാല്മീകി രാമായണം വാല്യം ഒന്ന് (പരിഭാഷ, വ്യാഖ്യാനം), ഡി.സി.ബുക്സ് കോട്ടയം, 2014, പുറം - 696. 55-ാം സർഗം 18-ാം ശ്ലോകം. അർഥം: മുമ്പേ സീതയെ കയറ്റിയിട്ട് അവർ രണ്ടുപേരും ചങ്ങാടത്തിലേറി. ഉത്സാഹശീലരായ ആ ദശരഥാത്മജൻ ആഞ്ഞുതുഴഞ്ഞുപോയി.

*** ലത വി. നായർ, പ്രൊഫ. എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, 2019, പുറം - 384, 385.

ശാലയുടെ അലങ്കാരവാതിലിൽ രാജ്ഞി നില്പുണ്ട്, പുഞ്ചിരിയോടെ.

വശ്യമായ ആ ചിരിയും ആസ്വദിച്ചുകൊണ്ട് നടന്നുവന്ന മഹാരാജാവിന്റെ വലതുകരം രാജ്ഞി ചുംബിച്ചു.

''വിരുന്നുശാലയിലേക്കു സ്വാഗതം.''

എസ്തേറിന്റെ മാധുര്യമുള്ള മൊഴികൾ.

രാജ്ഞി ഹാമാനെയും അകത്തേക്കാനയിച്ചു.

രണ്ടു പേരും അവർക്കു വേണ്ടി തയ്യാറാക്കിയിരുന്ന ഇരിപ്പിടങ്ങളിൽ ഇരുന്നു.

രാജാവ് വിസ്മയത്തോടെ ചുറ്റിലും നോക്കി. ഇതെന്തു മറിമായം!

സ്ഥലം ഇന്നലത്തേതു തന്നെ. പക്ഷേ, ഒരു വസ്തുവും ഇന്നലെ കണ്ടതുപോലെയല്ല. തികച്ചും പുതിയൊരിടത്ത് എത്തിയതുപോലെ.

വിരികളും വിളക്കുകളും പീഠങ്ങളും മേശയും എല്ലാം പുതുമ നിറഞ്ഞത്. നിരത്തിവച്ചിരിക്കുന്ന വിഭവങ്ങളും അതീവശ്രേഷ്ഠം.

വീഞ്ഞുനിറച്ച തോൽക്കുടങ്ങളും വ്യത്യസ്തം.

വിഭവങ്ങൾ നിറച്ചുവച്ച പാത്രങ്ങൾ.

വീഞ്ഞു പകരുന്ന ചഷകങ്ങൾ – എല്ലാം പ്രൗഢിയോടെ തിളങ്ങുന്നു.

പേർഷ്യൻകല ബാബിലോണിയൻ കലയോട് അതിസുന്ദരമായി ഇണക്കിച്ചേർത്ത അലങ്കാരസംവിധാനം രാജാവിന് കൂടുതൽ ഇഷ്ടമായി.

പ്രിയതമൻ വിരുന്നുശാലയാകെ കണ്ണുകൊണ്ടുഴിയുന്നതു ശ്രദ്ധിച്ച് എസ്തേർ സന്തോഷിച്ചു.

"എല്ലാം ഒരുക്കിയത് ഈയുള്ളവളുടെ നിർദേശപ്രകാരമാണ്."

അവൾ കലാസംവിധാനരഹസ്യം വെളിപ്പെടുത്തി.

''നമ്മുടെ പട്ടമഹിഷി ഒരു വലിയ കലാകാരികൂടെയാണ്.''

ഉള്ളുതുറന്ന ചിരിയോടെ രാജാവ് എസ്തേറിനെ അഭിനന്ദിച്ചു.

"നിനക്കെങ്ങനെ തോന്നുന്നു ഹാമാൻ?"

രാജാവാരാഞ്ഞു.

"ഇത്രയും ആകർഷകമായ അലങ്കാരം ഇതുവരെ മറ്റെങ്ങും കണ്ടിട്ടില്ല."

ഹാമാന്റെ മറുപടി കേൾക്കേ രാജാവിന്റെ ഹൃദയം രാജ്ഞിയോടുള്ള വാത്സല്യംകൊണ്ടു തുളുമ്പി.

തുടർന്ന് ചഷകങ്ങളിൽ വീഞ്ഞു പകർന്നു. പരിചാരകർ ഉത്സാഹഭരിതരായി.

വിരുന്ന് ആരംഭിച്ചു.

വിഭവങ്ങളെല്ലാം ആസ്വദിച്ചു രുചിച്ചും വീഞ്ഞുനുകർന്നും ആനന്ദകരമായ കുറേ നിമിഷങ്ങൾ കടന്നുപോയി.

തൊട്ടരികെ വസന്തംപോലെ പൂത്തുലഞ്ഞിരിക്കുന്ന സൗന്ദര്യത്തിന്റെ ദേവതയെ നിറഞ്ഞഹൃദയത്തോടെ രാജാവ് ശ്രദ്ധിച്ചു.

ഇന്നലത്തെ ചോദ്യം രാജാവ് ആവർത്തിച്ചു.

"എസ്തേർ രാജ്ഞീ, നിന്റെ ആവശ്യം എന്താണ്?"

മഹാരാജ്ഞി നാണംപൂവിട്ട ചിരിയുമായി രാജാവിനെ നോക്കി. ഹൃദയമലിഞ്ഞ അദ്ദേഹം വീണ്ടും ആരാഞ്ഞു.

"പറയൂ രാജ്ഞി, എന്തായാലും നിനക്കതു ലഭിച്ചിരിക്കും."

അങ്ങെനിക്കു വാക്കു തരണം.

രാജ്ഞി കിലുങ്ങിക്കൊഞ്ചി.

"ഇതാ ഞാൻ വാക്കുതരുന്നു. നമ്മുടെ രാജ്യത്തിന്റെ പകുതി ആയാലും അതു ഞാൻ നിനക്കു നല്കാം."

മഹാരാജാവ് അവളുടെ കൈപിടിച്ചു.

അപ്പോൾ എസ്തേറിന്റെ കണ്ണുകൾ കുറുകി. മുഖത്ത് നിശ്ചയദാർഢ്യത്തിന്റെ ഗൗരവം പരന്നു.

# നോവൽ 17

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി



''മഹാരാജൻ, അങ്ങേക്ക് എന്നോടു പ്രീതിയുണ്ടെങ്കിൽ, അങ്ങെന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെ ജീവൻതന്നെ രക്ഷിക്കണമെന്നാണ് എന്റെ അപേക്ഷ."

രാജ്ഞിയുടെ അപ്രതീക്ഷിതമായ അപേക്ഷ കേട്ട് രാജാവ് ഞെട്ടിപ്പോയി.

ഹാമാനും രാജ്ഞി പറയുന്നതിന്റെ പൊരുൾ പിടിത്തം കിട്ടിയില്ല.

"എന്താണു പ്രിയേ, ഇങ്ങനെയൊരു ആവശ്യം?"

രാജാവിന്റെ ഉത്കണ്ഠാകുലമായ സംശയം.

"ഇപ്പോൾ അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുകയാണ് പ്രഭോ. ഞാനും എന്റെ ജനങ്ങളും മരണത്തിനു വിൽക്കപ്പെട്ടവരായി ഞങ്ങൾ ഉന്മൂലനം ചെയ്യപ്പെടുവാൻ പോവുകയാണ്."

രാജ്ഞിയുടെ വാക്കുകൾ മഹാരാജാവിനെ കോപിഷ്ഠനാക്കി.

"നമ്മുടെ പ്രിയപ്പെട്ടവളോടും ജനങ്ങളോടും ഇതു ചെയ്യാൻ ആരാണു ധൈര്യപ്പെട്ടത്?"

"വെറും അടിമകളെപ്പോലെ വില്ക്കപ്പെട്ടിരുന്നെങ്കിൽ ഞാനിത് ആവശ്യപ്പെടില്ല. എന്നാൽ, ഞങ്ങളുടെ നാശംകൊണ്ട് മഹാരാജ്യത്തിനും ചക്രവർത്തിക്കും നേരേ ഒരാൾ കലാപത്തിന്റെ വാളുയർത്തുകയാണ്. രാജ്യത്തിനു നാശനഷ്ടങ്ങൾ സംഭവിക്കും."

എസ്തേർ തുടർന്നു.

അത്യധികം കോപത്തോടെ പീഠത്തിൽനിന്നു ചക്രവർത്തി ചാടിയെഴുന്നേറ്റ് അലറി.

"അവൻ എവിടെയാണ്?"

രാജാവിന്റെ ശബ്ദത്താൽ വിരുന്നുശാല കിടുങ്ങി. ഷണ്ഡന്മാരും പരിചാരകന്മാരും പൂച്ചയെക്കണ്ട എലികളെപ്പോലെ മാളങ്ങളിലൊതുങ്ങി.

കത്തിനില്ക്കുന്ന സൂര്യനോട് എസ്തേറിന്റെ ധൈര്യമുണർന്നു. മൂർച്ചയുള്ള വാക്കുകൾ തെറിച്ചു വീണു.

"ശത്രുവും വൈരിയും..."

ഉറഞ്ഞുതുള്ളിക്കൊണ്ട് എസ്തേർ ഹാമാനു നേരേ വിരൽചൂണ്ടി. ആഗ്നേയാസ്ത്രംപോലെ അവളുടെ വാക്കുകൾ പാഞ്ഞു.

''ദുഷ്ടനായ ഈ ഹാമാൻ തന്നെ.''

ഹാമാൻ ഭയന്നുവിറച്ചു. എന്തു ചെയ്യണമെന്നറിയില്ല. ഇരിക്കണോ നില്ക്കണോ പോകണോ എന്ന് ഒരു നിശ്ചയവുമില്ലാതെ കൊത്തിവച്ച പാവപോലെ.

പെട്ടെന്ന് യാതൊന്നും പറയാതെ വിരുന്നുശാലയിൽനിന്ന് രാജാവിറങ്ങിപ്പോയി. രാജകീയോദ്യാനത്തിലെ വെണ്ണക്കൽ മണ്ഡപത്തിൽ ചെന്നിരുന്നു. കടന്നുപോകുമ്പോൾ രാജാവ് നോക്കിയ നോട്ടം ഹാമാനെ ഒന്നാകെ ദഹിപ്പിച്ചുകളയാൻ ശക്തിയുള്ളതായിരുന്നു.

താൻ വിധിക്കപ്പെട്ടിരിക്കുന്നു. ഇനി ഇതിൽനിന്നു മോചനം ലഭിക്കണമെങ്കിൽ രാജ്ഞിയുടെ കാരുണ്യംമാത്രമാണു വഴി.

കാലുപിടിച്ചിട്ടെങ്കിലും തന്റെ ജീവനുവേണ്ടി യാചിക്കാൻ ഹാമാനൊരുങ്ങി.

ഇത്രയുംനാൾ നിഴൽപോലെ നടന്നു തന്നെ സേവിച്ചത് ഒരു നിത്യശത്രുവായിരുന്നുവോ? സ്നേഹത്തിന്റെ മറ ഉപയോഗിച്ച് തന്നെയും രാജ്ഞിയെയും ഇല്ലാതാക്കി രാജ്യത്തിന്റെ ചക്രവർത്തിയാകാനാണോ അവൻ ശ്രമിച്ചത്? പ്രവിശ്യകളുടെ അധികച്ചുമതല കൊടുത്തതോടെ അയാളുടെ പ്രവൃത്തികളിൽ വന്ന മാറ്റം ശ്രദ്ധിക്കേണ്ടതായിരുന്നു. ധനം കുമിഞ്ഞുകൂടുന്നുവെന്ന് രഹസ്യാന്വേഷകർ അറിയിച്ചപ്പോൾ അതെല്ലാം താൻ തള്ളിക്കളയുകയായിരുന്നു. മറ്റൊരു അധികാരകേന്ദ്രമെന്നപോലെ അവന്റെ വീട് പ്രവർത്തിക്കുന്ന കാര്യം ജോലിയുടെ ഭാഗംമാത്രമാണെന്നു കരുതി. ഏതായാലും തക്കസമയത്താണ് സത്യം വെളിപ്പെട്ടത്.

ചിന്തകളിങ്ങനെ പുരോഗമിച്ചപ്പോൾ, ഉദ്യാനത്തിൽനിന്നും രാജാവ് വിരുന്നുശാലയിലേക്കു തിരിച്ചെത്തി.

വിരുന്നുശാലയുടെ വാതിലുകൾ തള്ളിമാറ്റി കൊടുങ്കാറ്റുപോലെ അകത്തേക്കുകടന്നു. കണ്ടവരൊക്കെ ഭയവിഹ്വലരായി.

ഹാമാനപ്പോൾ ക്ഷമയാചിച്ച് രാജ്ഞിയുടെ കാല്ക്കൽ വീഴുകയായിരുന്നു. രാജ്ഞി എഴുന്നേറ്റ് മാറിയിരുന്നു. ഹാമാൻ വെട്ടിയിട്ട വാഴത്തടപോലെ ആ തല്പത്തിലേക്കു ചാഞ്ഞുകിടന്നു. രാജാവിന്റെ കണ്ണിൽപ്പതിഞ്ഞത് ഈ കാഴ്ചയാണ്.

കോപംമൂലം പരിസരവും തന്നെത്തന്നെയും മറന്നുപോയ മഹാരാജാവ് ആക്രോശിച്ചു.

"ഈ തെമ്മാടി എന്റെ അരമനയിൽവച്ച് രാജ്ഞിയെ ആക്രമിക്കുന്നോ?"

ഹാമാൻ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു.

അടിമുടി കോപംപൂണ്ട് കത്തിജ്വലിച്ചുനില്ക്കുകയാണ് മഹാരാജാവ്.

"ആരവിടെ?"

ശബ്ദം നിലത്തുവീഴും മുമ്പേ രാജാവിന്റെ അംഗരക്ഷകർ ചാടിവീണു.

അവർ ഹാമാനെ വരിഞ്ഞു മുറുക്കി. കൈകൾ പിന്നോട്ടു പിടിച്ചു കെട്ടി. പരുക്കൻ തുണി പുതച്ച് അവന്റെ മുഖം മറച്ചു.

വലിച്ചുകെട്ടി മുറിയുടെ വെളിയിലേക്കു കൊണ്ടുപോയി.

ആ സമയങ്ങളിലെല്ലാം ഹാമാൻ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. എന്നാൽ, ഒന്നും വ്യക്തമായി പുറത്തേക്കുവന്നില്ല.

മഹാരാജാവ് റാണിയുടെ അടുത്തെത്തി.

''നിനക്കും നിന്റെ ജനങ്ങൾക്കും ഒന്നും സംഭവിക്കില്ല പ്രിയേ.''

കത്തിയമർന്ന കോപത്തിൽനിന്നും വെള്ളരിപ്രാവുപോലെ സൗമ്യമായ വാക്കുകൾ പറന്നുയർന്നു.

എസ്തേർ രാജാവിനെ ചാരിച്ചേർന്നുനിന്നു. പക്ഷേ ഒന്നും ഉരിയാടിയില്ല.

"നീ വിചാരിക്കുന്നതു തന്നെ അവനു സംഭവിക്കും."

രാജാവ് അവളെ ആശ്വസിപ്പിച്ചു. രണ്ടുപേരുമൊന്നിച്ച് വിരുന്നുശാല വിട്ടുകന്നു.

ശ്വാസം നേരേവീണ പരിചാരകർ ആകെ അലങ്കോലപ്പെട്ടുപോയ ഭക്ഷണശാല വൃത്തിയാക്കാനാരംഭിച്ചു.

പ്രത്യേകരാജസഭ വേഗത്തിൽ വിളിച്ചുകൂട്ടി. രാജാവിനോടൊപ്പം സഭയിൽ രാജ്ഞിയും സംബന്ധിക്കുന്നുണ്ട്.

സിംഹാസനത്തിലിരുന്ന രാജാവ് സദസ്യരെ നോക്കി. പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുമ്പോൾ സാധാരണ ചെയ്യാറുള്ളതുപോലെ മഹാരാജാവ് ചോദിച്ചു:

"രാജ്യത്തിന്റെ മഹാരാജ്ഞിയോട് അപമര്യാദ പ്രവർത്തിച്ചവനോട് നാം എന്തു ചെയ്യണം?

ചോദ്യത്തിനുള്ളിൽ നീറിനീറിക്കത്തുന്ന കോപത്തിന്റെ അഗ്നി സഭാവാസികൾ തിരിച്ചറിഞ്ഞു.

അവർ ഒന്നടങ്കം പറഞ്ഞു:

"അവനെ വിചാരണ കൂടാതെ തൂക്കിലേറ്റണം."

"ആരവിടെ?"

രാജഭടന്മാർ രാജാവിന്റെ ഉത്തരവിനു കാതോർത്തു.

"കുറ്റവാളിയെ നമ്മുടെ മുന്നിൽ ഹാജരാക്കൂ."

മുഖംമൂടിയിട്ട, കൈകൾ പിന്നിലോട്ടു കെട്ടി, മൂന്നുനാലു ഭടന്മാരുടെ ബലിഷ്ഠകരങ്ങളിൽ പിടഞ്ഞ് ഹാമാൻ രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു.

''അവന്റെ മുഖത്തെ മൂടി മാറ്റ്.''

ശേഷം 13-ാം പേജിൽ

# സാക്ഷരകേരളമേ ലജ്ജിക്കൂ!

(1-ാം പേജ് തുടർച്ച)

അതോ, തങ്ങളുടെ ചെയ്തികളെ ചോദ്യം ചെയ്യാതെ നിശ്ശബ്ദരാകൂ എന്ന ഭീഷണിയുടെ മുന്നറിയിപ്പു സന്ദേശം കേരളജനതയ്ക്കു കൈമാറുകയാണോ ചെയ്യുന്നത്?

കേന്ദ്രം ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നു എന്ന ഇടതുപക്ഷത്തിന്റെ തൊണ്ടപൊട്ടും ആക്രോശങ്ങൾക്ക് ഇവിടെ എന്തു പ്രസക്തി? അത്രത്തോളം ജനാധിപത്യധ്വംസനത്തിനു കുടപിടിക്കുകയാണ് ഇവരിവിടെ.



സ്വാതന്ത്ര്യത്തിന്റെ അതിരുകളെ വെട്ടിവീഴ്ത്തി ആർത്തുവിളിക്കുന്ന ഈ തലമുറയുടെ കൈകളിൽ ഭാവിജനാധിപത്യവും രാജ്യവും എത്രത്തോളം സുരക്ഷിതമായിരിക്കുമെന്നു ചിന്തിക്കേണ്ടതുണ്ട്. ഇത്ര കിരാതമായി വന്യവത്കരിക്കപ്പെട്ട എസ്എഫ്ഐ യൂണിറ്റിനെ പിരിച്ചുവിടാൻപോലും, ഇതെഴുതുന്ന നേരംവരെ, മാതൃസംഘടന തയ്യാറായിട്ടില്ലെന്നതുതന്നെ നിലപാടുകളിലെ ഇരട്ടത്താപ്പു സംബന്ധിച്ച ആശങ്ക പരത്തുന്നു.

സിദ്ധാർഥന്റെ മരണദിവസം മലയാളമറിയാത്ത വിദ്യാർഥിനി മലയാളത്തിലെഴുതിയ പരാതി കോളജിലെ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റിക്കു പരാതി നൽകുന്നതും, മരിച്ച വിദ്യാർഥിക്കെതിരേ അവന്റെ മരണശേഷം പരാതി സ്വീകരിച്ചതും, ആ പരാതിയിൽ പരാതിക്കാരിയുടെ വിവരങ്ങൾ വ്യക്തമല്ല എന്ന പേരിൽ രണ്ടുദിവസം കഴിഞ്ഞ് മറ്റൊരു പരാതി സ്വീകരിച്ചതും അങ്ങേയറ്റം അപഹാസ്യവും കിരാതരായ പീഡകരെ സംരക്ഷിച്ചുപിടിക്കാൻ കോളജ് അധികൃതർ കാണിക്കുന്ന ഉത്സാഹത്തിനു തെളിവുമാണ്.

പരസ്യവിചാരണയും ശിക്ഷയും നടപ്പാക്കാൻ തക്കവിധം പാർട്ടിഗ്രാമങ്ങൾക്കു തുല്യമായ ഇടമാക്കുകയാണ് കോളജുകാമ്പസുകൾ എന്നത് ദൗർഭാഗ്യകരമാണ്. ജനാധിപത്യത്തിന്റെയും സ്നേഹസഹവർത്തിത്വത്തിന്റെയും മൂശകളാകേണ്ട പഠനയിടങ്ങൾ നരഭോജികളുടെ ഭക്ഷണമേശകളാകുന്ന നിർദയവൈചിത്ര്യത്തിനാണ് ഇക്കാലം നമ്മെ സാക്ഷികളാക്കുന്നത്.

മനുഷ്യവംശത്തിന്റെ ദുരിതങ്ങളെച്ചൊല്ലി വേദനയനുഭവിക്കുന്നവർ ആരാണോ, അവരാണു മഹത്ത്വത്തിലെത്തിച്ചേർന്നവർ എന്ന് ബർട്രാർഡ് റസ്സൽ പറഞ്ഞുവയ്ക്കുന്നുണ്ട്. അതിനു നേർവിപരീതമായി ഭീഷണിയിലൂടെയും ധാർഷ്ട്യത്തിലൂടെയും സ്വയം മഹത്ത്വീകരിക്കാൻ ശ്രമിക്കുന്ന ഭരണനേതൃത്വത്തിന് ഓശാന പാടാൻ വളർത്തിയെടുക്കുന്ന വികലവ്യക്തിത്വങ്ങൾ സഹാനുഭൂതി വറ്റിയ കിരാതന്മാരായി വളരുന്നതു സ്വാഭാവികം.

മുരളുന്ന മൈക്കിനെതിരേ കേസെടുക്കുന്നതിനും കറുപ്പിടുന്നവന്റെ മുതുകത്തിടിക്കുന്നതിനും സഹപ്രവർത്തകരെ വേദികളിൽ അപമാനിക്കുമ്പോൾ അതു മഹത്തരമെന്നു വാഴ്ത്താനും, കരിമണൽ മാസപ്പടികളെ പട്ടിണികിടന്നു ന്യായീകരിക്കാനും പഠിച്ചു വളർന്ന ഒരു പ്രത്യയശാസ്ത്ര തലമുറയിൽനിന്ന് നാം എന്തു പ്രതീക്ഷിക്കണം? ചെടിച്ചട്ടി കൊണ്ട് എതിർപാർട്ടിക്കാരന്റെ തലയടിച്ചുതകർത്തതിനെ 'രക്ഷാപ്രവർത്തനം' എന്നു വിളിച്ചു വിശിഷ്ടസേവാമെഡൽ നൽകുന്നത് മാതൃകയാക്കുന്ന തലമുറയുടെ നല്ല പാഠം അപരനു നേർക്കു കരുണ വേണ്ടാ എന്നതുതന്നെയാണ്. അങ്ങനെ ധാർമികമൂല്യങ്ങളെ ബഹുമാനിക്കാതെ തകരുന്ന ഒരു സമൂഹത്തിന്റെ നേർക്കാഴ്ചയാണ് പൂക്കോട്ട് വെറ്ററിനറികോളജിൽ നാം കണ്ടത്.

നമ്മുടെയുള്ളിലെ ധാർമികശക്തിയെ ഉയർത്തിപ്പിടിച്ചു പോഷിപ്പിക്കേണ്ട അധ്യാപകർ മൂല്യങ്ങൾ മറന്നത് തെറ്റായ സന്ദേശം പകരുന്നു. തലമുറയെ സമൂഹത്തിന്റെ നന്മവികാസങ്ങൾക്കായി വാർത്തെടുക്കേണ്ട ചുമതലയിൽനിന്നു മനഃപൂർവം ഒഴിഞ്ഞുമാറി ശമ്പളത്തിന്റെ സുരക്ഷിതത്വവും കയ്യൂക്കുള്ളവന് ഓശാന പാടലുംമാത്രമാണ് അധ്യാപനത്തിന്റെ മാതൃകയെന്നു വിളിച്ചുപറയുന്ന പൂക്കോട്ട് വെറ്ററിനറി കോളജിലെ അധ്യാപകർ സമൂഹത്തിനു നൽകുന്നത് അധ്യാപകർ എങ്ങനെയാവരുത് എന്ന തിരിച്ചറിവു സന്ദേശമാണ്.

അസാധാരണനടപടിയിലൂടെ പൂക്കോട്ട് വെറ്ററിനറി സർവകലാശാല വൈസ് ചാൻസലറെ സസ്പെൻഡു ചെയ്തുകൊണ്ട് ഗവർണർ തന്റെ അധികാരപരിധിയിൽനിന്നുകൊണ്ടുള്ള നടപടികൾ ആരംഭിച്ചു എന്നതാണ് പ്രതീക്ഷയുടെ വെളിച്ചം പകരുന്നത്. സസ്പെൻഷൻ ഉത്തരവിൽ സെക്രട്ടറിക്കു പകരം നേരിട്ട് ഒപ്പുവച്ച ഗവർണർ അന്വേഷണത്തിനുത്തരവിടുകയും ജുഡീഷ്യൽ അന്വേഷണത്തിനു ജഡ്ജിയുടെ സേവനം ആവശ്യപ്പെട്ട് ഹൈക്കോടതിക്കു കത്തു നൽകുകയും ചെയ്തിട്ടുണ്ട്. തനിക്കെതിരേ നിരന്തരം പ്രക്ഷോഭം നടത്തുന്ന ഇടതുപക്ഷത്തിനെതിരേ കിട്ടിയ അവസരം ഗവർണർ മികച്ച രീതിയിൽ വിനിയോഗിക്കുകയാണെങ്കിലും വി.സി. അടക്കമുള്ള സർവകലാശാലാധികൃതരുടെ നിസ്സംഗതയ്ക്കും പൊലീസ് അന്വേഷണത്തിൽ സംഭവിച്ചേക്കാവുന്ന രാഷ്ട്രീയഇടപെടലുകൾക്കുമുള്ള ഒരു നടപടികൂടിയായി ഇത്.

അങ്ങേയറ്റം വേദന പകരുന്നത് ഷണ്ഡീകരിക്കപ്പെട്ട യുവതലമുറയെക്കുറിച്ചുള്ള ആശങ്ക തന്നെ. സമൂഹമാധ്യമഭിത്തികളിൽ കമന്റെഴുതി നിറയ്ക്കാനല്ലാതെ, പ്രകടപ്രതികരണശേഷി നഷ്ടപ്പെട്ട ഒരു യുവതലമുറയെക്കുറിച്ചു നാം ചിന്തിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിന്റെ പ്രകാശിതവിഹായസ്സിനെക്കാൾ പാരതന്ത്ര്യത്തിൽ ലഭിക്കുന്ന പുളിച്ച അപ്പക്കഷണങ്ങൾകൊണ്ടു തൃപ്തരാവുകയാണോ ഇവർ? നരകജീവിതത്തിലേക്കുള്ള വഴികളിൽ ഒരു പ്രതിഷേധശബ്ദമുയർത്താൻപോലും തുനിയാതെ സുരക്ഷിത ഇടങ്ങളിലേക്കുള്ള ഒളിച്ചോട്ടം ഈ നിർജീവതലമുറയെ എങ്ങനെ അടയാളപ്പെടുത്തും? ഇല്ല, അടയാളപ്പെടുത്തില്ല തന്നെ...

അടുത്തു നിൽപ്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർ-

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

ഈ കവിവാക്യമല്ലാതെ മറ്റെന്തു പറയാൻ?

■

# വൃക്കരോഗങ്ങളെ സൂക്ഷിക്കണം



കരുതാം ആരോഗ്യം

**ഡോ. മഞ്ജുള രാമചന്ദ്രൻ**

(സീനിയർ കൺസൾട്ടന്റ്, നെഫ്രോളജി വിഭാഗം
മാർ സ്ലീവാ മെഡിസിറ്റി, പാലാ)

**വൃ**ക്കരോഗങ്ങൾ പ്രായഭേദമെന്യേ സാർവത്രികവും സർവസാധാരണവുമായ കാലഘട്ടമാണിത്. മൂർധന്യാവസ്ഥയിൽ എത്തിക്കഴിയുമ്പോഴാണ് മിക്കവരിലും രോഗം കണ്ടുപിടിക്കുന്നത്. രോഗം മുൻകൂട്ടി തിരിച്ചറിയാൻ സാധിക്കുന്ന വളരെ ചെലവുകുറഞ്ഞ പരിശോധനകൾ ഇപ്പോഴുണ്ട്. രക്തത്തിലെ ക്രിയാറ്റിൻ പരിശോധനയും യൂറിൻ റുട്ടീൻ പരിശോധനയുമാണിത്. ഈ രണ്ടു പരിശോധനകൾ എല്ലാവരും ചെയ്തു നോക്കുന്നതു നല്ലതാണ്. മറ്റുള്ളവരെക്കാൾ വൃക്കരോഗം വരാൻ പതിന്മടങ്ങ് സാധ്യത കൂടുതൽ കുടുംബത്തിൽ പാരമ്പര്യമായി വൃക്കരോഗമുള്ളവർ, പ്രമേഹരോഗംപോലുള്ള ജീവിതശൈലീരോഗമുള്ളവർ, മറ്റുള്ള രോഗങ്ങൾക്കു ചികിത്സയിലുള്ളവർ, സ്ഥിരമായി എന്തെങ്കിലും മരുന്നു കഴിക്കുന്നവർ, അടിക്കടി യൂറിനറി ഇൻഫക്ഷൻ ഉണ്ടാകുന്നവർ, മൂത്രത്തിൽകല്ല് ഉള്ളവർ എന്നിവരിലാണ്. ഇത്തരത്തിലുള്ളവർ നിർബന്ധമായും ക്രിയാറ്റിൻ പരിശോധനയും യൂറിൻ റുട്ടീൻ പരിശോധനയും എല്ലാ ആറുമാസം കൂടുമ്പോഴും നടത്തണം. സാധാരണ നിലയിൽനിന്ന് എന്തെങ്കിലും വ്യത്യാസം ഈ പരിശോധനയിൽ കണ്ടാൽ ഉടൻതന്നെ വിദഗ്ധ ഡോക്ടറെ കാണണം. വൃക്കരോഗം ആരംഭത്തിലേ കണ്ടുപിടിക്കുകയാണെങ്കിൽ ഭേദമാക്കാനോ അല്ലെങ്കിൽ പിടിച്ചുനിർത്താനോ സാധിക്കും. കൂടാതെ, ചൂടുകാലം വൃക്കകൾക്ക് അത്യധ്വാനത്തിന്റെ നാളുകൾകൂടിയാണ് എന്നതും ഓർമ വേണം. കനത്ത ചൂടിൽ ആവശ്യത്തിനു വെള്ളം കുടിക്കാതെ വൃക്കയുടെ അധ്വാനം കൂട്ടരുത്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- വൃക്കരോഗത്തിന്റെ പാരമ്പര്യസാധ്യതയുള്ളവർ



  കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുക
- പുകവലി, മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം എന്നിവ പാടില്ല
- കൊഴുപ്പുകുറഞ്ഞ ആരോഗ്യകരമായ ഭക്ഷണശീലവും വ്യായാമവും പതിവാക്കുക
- അമിതവണ്ണം കുറയ്ക്കുക
- അമിതരക്തസമ്മർദം, പ്രമേഹം എന്നിവ നിയന്ത്രിച്ചു നിർത്തുക
- ഡോക്ടറുടെ നിർദേശമില്ലാതെ വേദനസംഹാരികൾ ഉൾപ്പെടെ യാതൊരു മരുന്നും വാങ്ങി കഴിക്കരുത്.

■

9 ഇസ്രയേലിന്റെ വഴികളിലൂടെ

# രക്തസാക്ഷികൾ ജനിക്കുന്നു



തോമസ് കുഴിഞ്ഞാലിൽ

**ക**ല്ലറയിൽ അടക്കപ്പെട്ട ശേഷം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശുവിനെ പ്രഘോഷിച്ചുകൊണ്ടു വിവിധ ദേശങ്ങളിലേക്കു യാത്ര ചെയ്ത അപ്പസ്തോലന്മാർ അനേകരെയാണു സത്യവിശ്വാസത്തിലേക്കു കൊണ്ടുവന്നത്.

ശിഷ്യപ്രമുഖനും തന്റെ കുഞ്ഞാടുകളെ മേയ്ക്കാൻ യേശു നിയോഗിച്ചവനുമായ പത്രോസ്, പരിശുദ്ധാത്മാവിനാൽ പ്രേരിതനായി നടത്തിയ ആദ്യപ്രസംഗം ശ്രവിച്ച ജറുസലെം നിവാസികളിൽ 3,000 പേരാണ് സ്നാനം സ്വീകരിച്ചത്: അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു (അപ്പ. പ്രവ. 2:42).

മറ്റൊരു ദിവസം ജറുസലെം ദൈവാലയത്തിലെ സുന്ദരകവാടത്തിൽ കിടന്നിരുന്ന മുടന്തനായ ഒരുവനെ പത്രോസ് സുഖപ്പെടുത്തിയെന്നറിഞ്ഞ് അദ്ഭുതപരതന്ത്രരായ ഇസ്രയേൽക്കാരോടായി പത്രോസ് പറഞ്ഞു: “നിങ്ങൾ അദ്ഭുതപ്പെട്ട് ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം തന്റെ ദാസനായ യേശുവിനെ മഹത്ത്വപ്പെടുത്തി. പരിശുദ്ധനും നീതിമാനുമായ അവനെ നിങ്ങൾ പീലാത്തോസിനെ ഏല്പിച്ചു. അവനെ വിട്ടയയ്ക്കാൻ പീലാത്തോസ് തീരുമാനിച്ചിട്ടും ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ, ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ്” (അപ്പ. പ്രവ. 3:12–15).

അവർ ജനത്തോടു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയസേനാധിപനും സദുക്കായരും അവരെ ചോദ്യം ചെയ്തു. അവരുടെ ചോദ്യങ്ങൾക്കുള്ള പത്രോസിന്റെ മറുപടി അദ്ഭുതപ്പെടുത്തുന്നതായിരുന്നു. അവൻ പറഞ്ഞു: “വീടുപണിക്കാരായ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ആ കല്ലാണ് യേശു. മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല” (അപ്പ. പ്രവ. 4:11–12).

മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ച് യേശുവിനെ ആധാരമാക്കി ജനത്തെ പ്രബോധിപ്പിച്ചതിൽ പുരോഹിതന്മാരും ദൈവാലയസേനാധിപനും സദുക്കായരുംചേർന്നു പത്രോസിനെയും യോഹന്നാനെയും പിടികൂടി കാരാഗൃഹത്തിലടച്ചു. അവരുടെ വചനം കേട്ടവരിൽ 5,000 പേരുണ്ടായിരുന്നു (അപ്പ പ്രവ 4:2–4).

യേശുവിന്റെ ശത്രുക്കൾ അവിടുത്തെ ശിഷ്യരുടെയും എതിരാളികളായതു സ്വാഭാവികം. അവർക്ക് യേശുവിനോടുള്ള വൈരം അപ്പോഴും അടങ്ങിയിരുന്നില്ല. അവരെ ജയിലിലടച്ചതിന്റെ പിറ്റേദിവസം പ്രധാനാചാര്യന്മാരായ അന്നാസും കയ്യാഫാസും പ്രധാനപുരോഹിതന്റെ കുലത്തിൽപ്പെട്ട സകലരുടെയും മധ്യത്തിൽ അവരെ നിറുത്തി, യേശുവിന്റെ നാമത്തിൽ സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു വിട്ടയച്ചു. അവരാകട്ടെ, സഭാസമൂഹത്തിലെത്തി ഏകമനസ്സോടെ ദൈവത്തോടു പ്രാർഥിച്ചുകൊണ്ടിരുന്നു. അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തികളും അടയാളങ്ങളും അദ്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേയെന്നും അവർ പ്രാർഥിച്ചു. കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർധിച്ചു. അനേകം രോഗികൾ സുഖപ്പെട്ടു, അശുദ്ധാത്മാക്കൾ പുറത്തുപോയി. അപ്പസ്തോലന്മാരോടുള്ള അസൂയ നിമിത്തം അവരെ കാരാഗൃഹത്തിലടച്ചു. എന്നാൽ, കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകൾ തുറന്ന് അവരെ മോചിപ്പിച്ചു.

**സ്തേഫാനോസിന്റെ രക്തസാക്ഷിത്വം**

സ്തേഫാനോസാണ് തിരുസ്സഭയിലെ ആദ്യരക്തസാക്ഷി. അപ്പസ്തോലന്മാരുടെ ശിഷ്യഗണത്തിൽ പ്രധാനിയായ ഒരു ഡീക്കനായിരുന്നു ആ യുവാവ്. ആത്മാവും ജ്ഞാനവും കൃപാവരവും ശക്തിയുംകൊണ്ടു നിറഞ്ഞ് പല അദ്ഭുതങ്ങളും വലിയ അടയാളങ്ങളും അവൻ ജനമധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ, മോശയ്ക്കും ദൈവത്തിനുമെതിരായി ദൂഷണം പറഞ്ഞുവെന്നു കുറ്റപ്പെടുത്തിയ ചിലർ, ജനങ്ങളെയും ജനപ്രമാണികളെയും നിയമജ്ഞരെയും ഇളക്കുകയും അവനെ ബന്ധിച്ചു ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഹാജരാക്കുകയും ചെയ്തു. വിചാരണയ്ക്കിടെ സ്തേഫാനോസിനെ സൂക്ഷിച്ചു നോക്കിയവർക്ക് അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ കാണപ്പെട്ടു (അപ്പ. പ്രവ. 6:13). ന്യായാധിപസംഘത്തോട് അവൻ പറഞ്ഞു: “ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തുനിൽക്കുന്നതും ഞാൻ കാണുന്നു.” ഇതുകേട്ടു കോപാക്രാന്തരായ അവർ അവനെ നഗരത്തിനു പുറത്താക്കി കല്ലെറിഞ്ഞു. അപ്പോൾ അവൻ പ്രാർഥിച്ചു: കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ. ഈ പാപം അവരുടെമേൽ ആരോപിക്കരുതേ. ഇതുപറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു (അപ്പ. പ്രവ. 7:56–60). വിചാരണവേളയിൽ യേശു അരുൾചെയ്ത വചനവും കുരിശിൽ കിടന്നുകൊണ്ട് തന്റെ ഘാതകരോടു ക്ഷമിക്കണമേയെന്നു പിതാവിനോടു കേണപേക്ഷിച്ച യേശുവിന്റെ പ്രാർഥനയും സ്തേഫാനോസ് ആവർത്തിക്കുകയായിരുന്നു. എ ഡി 36 ലായിരുന്നു സ്തേഫാനോസിന്റെ രക്തസാക്ഷിത്വം. പൊന്തിയോസ് പീലാത്തോസിന്റെ പിൻഗാമിയായി റോമാക്കാരനായ മാർസെല്ലസ് സ്ഥാനമേറ്റതും അതേ വർഷമാണ്.

**സാവൂളിന്റെ രംഗപ്രവേശം**

സ്തേഫാനോസിന്റെ വിചാരണയ്ക്കും വധത്തിനും സാക്ഷിയായി സാവൂൾ എന്ന ഒരു യുവാവ് ആൾക്കൂട്ടത്തിലുണ്ടായിരുന്നു. സ്തേഫാനോസിന്റെ വധത്തെ സാവൂൾ അനുകൂലിച്ചു. അന്ന് ജറുസലെമിലെ സഭയ്ക്കെതിരായി വലിയ പീഡനം നടന്നു. അപ്പസ്തോലന്മാരൊഴികെ മറ്റെല്ലാവരും യൂദയായുടെയും സമരിയായുടെയും ഗ്രാമങ്ങളിലേക്കു ചിതറിയോടി. സാവൂൾ സഭയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് വീടുകൾതോറും കയറിയിറങ്ങി സ്ത്രീപുരുഷന്മാരെ വലിച്ചിഴച്ചു കൊണ്ടുവന്നു തടവിലാക്കി (അപ്പ. പ്രവ. 8:1–3).



*വിശുദ്ധ സ്തേഫാനോസിന്റെ രക്തസാക്ഷിത്വചിത്രീകരണം*

ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെ കണ്ടാലും ബന്ധനസ്ഥരാക്കി ജറുസലെമിലേക്കു കൊണ്ടുവരാനുള്ള അധികാരപത്രവുമായി സാവൂൾ ദമാസ്കസിലേക്കു യാത്ര ചെയ്യുകയായിരുന്നു. നഗരത്തോടടുത്തപ്പോൾ ആകാശത്തുനിന്നുള്ള ഒരു മിന്നലേറ്റ് അവൻ നിലംപതിച്ചു. അവൻ ഒരു സ്വരവും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടിയുണ്ടായി: നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ. എഴുന്നേറ്റു നഗരത്തിലേക്കു പോവുക. നീ എന്തു ചെയ്യണമെന്ന് അവിടെവച്ചു നിന്നെ അറിയിക്കും. കണ്ണുകൾ തുറന്നിരുന്നിട്ടും ഒന്നും കാണാൻ അവനു കഴിയുമായിരുന്നില്ല (അപ്പ. പ്രവ. 9:2–8).

അനനിയാസ് എന്നു പേരായ ഒരു ശിഷ്യൻ ദമാസ്കസിലുണ്ടായിരുന്നു. കർത്താവ് അവനോട് അരുൾചെയ്തപ്രകാരം അനനിയാസ് സാവൂളിനെ സന്ദർശിക്കുകയും അവന്റെമേൽ കൈകൾ വച്ചു പ്രാർഥിക്കുകയും ചെയ്തപ്പോൾ അവന്റെ നഷ്ടപ്പെട്ട കാഴ്ച തിരിച്ചുകിട്ടി. സാവൂൾ എഴുന്നേറ്റ് ജ്ഞാനസ്നാനം സ്വീകരിച്ചു.

അധികം താമസിയാതെ യേശു ദൈവപുത്രനാണെന്ന് സാവൂൾ പ്രഘോഷിക്കാൻ തുടങ്ങി. യേശുതന്നെയാണ് ക്രിസ്തു എന്ന് അവൻ വാദിച്ചു. അപ്പസ്തോലന്മാരോടൊപ്പം അവൻ ജറുസലെമിൽ ചുറ്റിസഞ്ചരിച്ചുകൊണ്ട് കർത്താവിന്റെ നാമത്തിൽ ധൈര്യത്തോടെ പ്രസംഗിച്ചു. യൂദന്മാരോടൊപ്പം ചേർന്ന് ഗ്രീക്കുകാരും അവനെ വധിക്കാൻ ഗൂഢാലോചന നടത്തുന്നതറിഞ്ഞ സഹോദരന്മാർ അവനെ കേസറിയായിൽ കൊണ്ടുവന്ന് താർസോസിലേക്ക് അയച്ചു (അപ്പ. പ്രവ. 9:28–30).

സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിനുശേഷം ചിതറിക്കപ്പെട്ടവർ ഫിനിഷ്യ, സൈപ്രസ്, അന്ത്യോക്യാ എന്നിവിടങ്ങളിലെത്തി. സാവൂളിനെ അന്വേഷിച്ച് താർസോസിലെത്തിയ ലേവായനായ ബർണബാസ് എന്ന ശിഷ്യൻ അവനെ അന്ത്യോക്യായിലെത്തിച്ചു. അന്ത്യോക്യായിൽവച്ചാണ് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികളെന്നു വിളിക്കപ്പെട്ടത് (അപ്പ. പ്രവ. 11:26). പൗലോസ് എന്നുകൂടി പേരുണ്ടായിരുന്ന സാവൂൾ, അന്ത്യോക്യായിലെ സിനഗോഗിൽ പ്രവേശിച്ചു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവവചനം പ്രസംഗിച്ചു. അന്നുമുതൽ അവനു വിശ്രമമില്ലാത്ത യാത്രകളായിരുന്നു. അന്ത്യോക്യായിൽ സുവിശേഷം പ്രസംഗിച്ചശേഷം ഇക്കോണിയം, ലിസ്ത്രാ, ത്രോവാസ്, തെസലോണിക്ക, ബെറോയാ, ആഥൻസ്, കോറിന്തോസ്, എഫേസോസ് എന്നിവിടങ്ങളിലും കർത്താവായ യേശുവിനെ പ്രഘോഷിച്ചു. എ ഡി 66 ൽ നീറോ ചക്രവർത്തിയുടെ ഭരണകാലത്ത് റോമിൽവച്ച് രക്തസാക്ഷിത്വം വരിക്കുന്നതുവരെയുള്ള മൂന്നു പതിറ്റാണ്ടുകളോളം ഭൂമിയുടെ അതിർത്തികൾവരെ അവൻ സത്യവചനം പ്രചരിപ്പിച്ചു.

**അപ്പസ്തോലന്മാരുടെ ജീവത്യാഗം**

ആദ്യരക്തസാക്ഷിത്വമകുടം ചൂടിയ അപ്പസ്തോലൻ യാക്കോബാണ്. അവന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥവിവരണം ഇപ്രകാരം വായിക്കാം: ഹേറോദുരാജാവിന്റെ പൗത്രനായ ഹേറോദ് അഗ്രിപ്പായുടെ ഭരണകാലത്ത് സഭയിൽപ്പെട്ട ചിലരെ പീഡിപ്പിക്കാൻ തുടങ്ങി. അവൻ യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാളിനിരയാക്കി. യഹൂദരെ ഇതു സന്തോഷിപ്പിച്ചുവെന്നു കണ്ട് അവൻ പത്രോസിനെയും ബന്ധനസ്ഥനാക്കി കാരാഗൃഹത്തിലടച്ച് കാവലേർപ്പെടുത്തി (അപ്പ. പ്രവ. 12:1–3). സഭ അവനുവേണ്ടി ദൈവത്തോടു തീക്ഷ്ണമായി പ്രാർഥിച്ചുകൊണ്ടിരുന്നു. ഇരുചങ്ങലകളാൽ ബന്ധിതനായിരുന്ന പത്രോസിനെ കർത്താവിന്റെ ദൂതൻ കാരാഗൃഹത്തിൽനിന്നു വിമോചിപ്പിച്ചു പുറത്തുകൊണ്ടുവന്ന അദ്ഭുതകരമായ രക്ഷപ്പെടൽ തുടർന്നുവായിക്കാം. നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് എ ഡി 66 ലായിരുന്നു പത്രോസിന്റെ തലകീഴായുള്ള കുരിശുമരണം.

പ്രായമെത്തി മരിച്ച യോഹന്നാൻ ശ്ലീഹായും ആത്മഹത്യ ചെയ്ത യൂദാസ് സ്കറിയോത്തയും ഒഴിച്ച് ബാക്കിയുള്ള എല്ലാ അപ്പസ്തോലന്മാരും രക്തസാക്ഷികളായവരാണ്.

മത്തായിയും തോമായും കുന്തത്താൽ കുത്തപ്പെട്ടാണു മരണം വരിച്ചത്. അസ്ത്രങ്ങൾ എയ്താണ് യൂദാതദേവൂസിനെ വകവരുത്തിയത്. ഹൽപെയുടെ പുത്രനായ യാക്കോബിനെ ഗദ കൊണ്ടടിച്ചു കൊലപ്പെടുത്തി. അന്ത്രയോസ്, പീലിപ്പോസ്, ബർത്തലോമിയോ, തീക്ഷ്ണമതിയായ ശിമയോൻ, മത്തിയാസ് എന്നിവരും ഘോരപീഡനങ്ങൾക്കുശേഷം വധിക്കപ്പെട്ടവരാണ്. ജീവനോടെ നിറുത്തി തൊലിയുരിഞ്ഞശേഷം അർമേനിയൻ രാജാവായ ആസ്റ്റിയാഗെസാണ് എ ഡി 69 ൽ നഥാനിയേൽ എന്നുകൂടി പേരുള്ള ബർത്തലോമിയയെ കഴുത്തറുത്തുവധിച്ചത്.

(തുടരും)

Deepanalam weekly

RNI No : 16998/68
Vol. 57 No. 2 Date of Publication 7 March 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment


# PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



60 Years Trust
KTS PRODUCTS
SINCE 1995

## Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015
CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

34 വർഷത്തെ സേവനപാരമ്പര്യം
## നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...

Branded Curtain, Blinds & Photo Frame

നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം
## ജോൺസൺ ഫർണീഷിംഗ്
ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477
Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org